തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

വാക്കാട് മലപ്പുറം – 676 502, ഫോൺ : 0494 2631230

# നാലുവർഷബിരുദപ്രോഗ്രാം (FYUGP)

# ചട്ടങ്ങൾ

## ഉള്ളടക്കം


| ശീർഷകം | പുറം |
|---|---|
| ആമുഖം | 4 |
| ചുരുക്കപ്പേരും പ്രാരംഭവും | 4 |
| വ്യാപ്തിയും പ്രയോഗവും | 4 |
| നിർവചനങ്ങൾ | 4–6 |
| തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നാലുവർഷബിരുദപ്രോഗ്രാമുകളുടെ (TEMUFYUGP) സവിശേഷതകളും ലക്ഷ്യങ്ങളും | 6–8 |
| പ്രവേശനത്തിനും സീറ്റുകളുടെ സംവരണത്തിനുമുള്ള യോഗ്യത | 9 |
| ഇൻഡക്ഷൻ പ്രോഗ്രാം | 9 |
| അക്കാദമിക നിരീക്ഷണവും വിദ്യാർത്ഥികൾക്കുള്ള പിന്തുണയും: | 9–10 |
| പുനഃപ്രവേശനരീതികൾ | 10 |
| പ്രോഗ്രാമുകളുടെ കാലാവധി, ക്രെഡിറ്റ് ആവശ്യകതകൾ, ഓപ്ഷനുകൾ | 10 |
| വ്യത്യസ്ത തരം കോഴ്സുകൾ/പ്രവർത്തനങ്ങൾ | 10–11 |
| ക്രെഡിറ്റ് ഘടന | 11–12 |
| നാലുവർഷബിരുദപ്രോഗ്രാമുകളുടെ ഘടന | 12–13 |
| അക്കാദമിക പാത്ത് വേ | 13–16 |
| ഓൺലൈൻ-ബ്ലെൻഡഡ് പഠനരീതികൾ | 16–17 |
| പ്രവേശന നടപടികൾ | 17 |
| കോഴ്സ് രജിസ്ട്രേഷൻ | 17–18 |
| ഫലോന്മുഖവിദ്യാഭ്യാസം (Outcome Based Education) | 18 |
| കോഴ്സുകളുടെ ലെവലും കോഡിംഗും | 18 |
| ഫൗണ്ടേഷൻ കോഴ്സുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ | 19 |
| ഇതര സ്ഥാപനങ്ങൾ/ഓൺലൈൻ/ഡിസ്റ്റൻസ് രീതിയിൽ നിന്ന് ക്രെഡിറ്റ് നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ | 19 |
| കോഴ്സ് പങ്കാളിത്തം/ഹാജർ | 19–20 |
| സർവകലാശാലയുടെ പങ്ക് | 20 |
| ക്രെഡിറ്റ് ട്രാൻസ്ഫറും സഞ്ചിത സൗകര്യങ്ങളും (Credit Transfer and Accumulation Facilities) | 20–21 |
| വിലയിരുത്തലും മൂല്യനിർണ്ണയവും | 21–22 |
| പരീക്ഷാ നിരീക്ഷണ സമിതി | 22 |
| വിദ്യാർത്ഥി ഫീഡ്ബാക്ക് | 22 |
| പരിഹാരബോധനം | 23 |
| അവസാന സെമസ്റ്റർ പരീക്ഷയുടെ സ്വഭാവം | 23 |
| വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് | 23 |

| | |
|---|---|
| ലെറ്റർ ഗ്രേഡുകളും ഗ്രേഡ് പോയിന്റുകളും | 23–24 |
| കോഴ്സ്, സെമസ്റ്റർ, പ്രോഗ്രാം എന്നിവയ്ക്കുള്ള ഏറ്റവും കുറഞ്ഞ ഗ്രേഡുകൾ | 24 |
| മിനിമം ക്യുമുലേറ്റീവ് ഗ്രേഡും സ്കോളാസ്റ്റിക് പ്രൊബേഷനും | 24 |
| നാലുവർഷബിരുദപ്രോഗ്രാമുകളുടെ നടത്തിപ്പിനും നിരീക്ഷണത്തിനുമുള്ള സമിതികൾ | 24–25 |
| നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി നിർദ്ദേശിക്കുന്ന ഓപ്ഷനുകൾ | 25 |
| ട്രാൻസിറ്ററി പ്രൊവിഷൻ | 26 |
| ചട്ടങ്ങളിലെ മാറ്റങ്ങൾ | 26 |

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# നാലുവർഷബിരുദപ്രോഗ്രാം (FYUGP) ചട്ടങ്ങൾ,

## ആമുഖം

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ബിരുദപ്രോഗ്രാമുകൾക്കായി (FYUGP) പാഠ്യപദ്ധതിയും ക്രെഡിറ്റ് ചട്ടക്കൂടും നിർദ്ദേശിച്ചിട്ടുണ്ട്. വഴക്കമുള്ള തിരഞ്ഞെടുക്കാവുന്ന (ഫ്ലെക്സിബിൾ ചോയ്സ്) ക്രെഡിറ്റ് സിസ്റ്റം, ബഹു വൈജ്ഞാനിക (മൾട്ടി ഡിസിപ്ലിനറി) സമീപനം, മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ് ഓപ്ഷനുകൾ എന്നിവയാണ് ഈ ചട്ടക്കൂടിലെ പുതുമകൾ. ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ പരിഷ്കരണം കേരള ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിനായി രൂപീകരിച്ച കേരള സ്റ്റേറ്റ് കരിക്കുലം കമ്മിറ്റി ഫോർ ഹയർ എജ്യുക്കേഷൻ ബിരുദ വിദ്യാഭ്യാസത്തിനായി ശുപാർശ ചെയ്ത ഒരു മാതൃകാ പാഠ്യപദ്ധതി ചട്ടക്കൂട് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. 27.06.2024 ന് ചേർന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പണ്ഡിതസഭാ യോഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 വകുപ്പ് 17 (2) b യിലെ വ്യവസ്ഥ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിന് (CSS) കീഴിൽ നാല് വർഷത്തെ ബിരുദപ്രോഗ്രാമുകൾ തുടങ്ങുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ അവതരിപ്പിക്കുന്നു.

## ചട്ടങ്ങൾ

### 1. ചുരുക്കപ്പേരും പ്രാരംഭവും

ഈ ചട്ടങ്ങൾ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നാലുവർഷബിരുദപ്രോഗ്രാം (TEMU FYUGP) ചട്ടങ്ങൾ 2024 എന്ന് അറിയപ്പെടും. ഇനി മുതൽ ഈ ചട്ടങ്ങൾ TEMU FYUGP ചട്ടങ്ങൾ എന്ന് പരാമർശിക്കപ്പെടും.

ഈ ചട്ടത്തിന് 2024-25 അധ്യയനവർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

### 2. വ്യാപ്തിയും പ്രയോഗവും

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2024-25 അദ്ധ്യയനവർഷം മുതൽ വിവിധ ഫാക്കൽറ്റികൾക്ക്/ സ്കൂളുകൾക്ക് കീഴിൽ ആരംഭിക്കുന്ന എല്ലാ നാലുവർഷബിരുദ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾക്കും ഈ ചട്ടങ്ങൾ ബാധകമാണ്.

### 3. നിർവചനങ്ങൾ

1. '***സർവകലാശാല'*** എന്നാൽ, കേരള സംസ്ഥാന നിയമസഭ അംഗീകരിച്ച ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ടതും ഏകാംഗീകരിക്കപ്പെട്ടതുമായ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല എന്നർത്ഥ മാകുന്നു.
2. '***ആക്ട്''*** എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് എന്നാണ്.
3. ***'അധ്യയന വർഷം'*** എന്നാൽ തുടർച്ചയായി രണ്ട് (ഒറ്റയും ഇരട്ടയും) സെമസ്റ്ററുകളും മദ്ധ്യവേനലവധിയും ചേർന്നതാണ്.
4. **'സെമസ്റ്റർ'** 5 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന 15 അദ്ധ്യയന ആഴ്ചകളും ആഭ്യന്തര/ബാഹ്യ മൂല്യനിർണയ പ്രവർത്തനങ്ങളും ചേർന്ന 18 ആഴ്ചകളെയാണ് ഒരു സെമസ്റ്റർ എന്നു പറയുന്നത്.
5. '***അക്കാദമിക കോർഡിനേറ്റർ'*** എന്നത്, FYUGP പ്രോഗ്രാമുകളുടെ നടത്തിപ്പ് ഫലപ്രദമായി ഏകോപിപ്പിക്കുന്ന അധ്യാപിക/അധ്യാപകൻ ആണ്. സർവകലാശാല ചട്ടങ്ങൾ അനുസരിച്ച് പ്രോഗ്രാമിലെ വിവിധ കോഴ്സുകൾ/സെമെസ്റ്ററുകൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് അക്കാദമിക് കോർഡി നേറ്ററുടെ ചുമതലയാണ്.
6. '***പ്രോഗ്രാം'*** എന്നാൽ, ബിരുദം നൽകുന്നതിലേക്ക് നയിക്കുന്ന, വിദ്യാഭ്യാസപ്രക്രിയയുടെ മുഴുവൻ കാലയളവും നീണ്ടുനിൽക്കുന്ന, പാഠ്യപദ്ധതിയും മൂല്യനിർണ്ണരീതികളും ക്രമവും നിർദ്ദിഷ്ടഫലങ്ങളും ഉൾപ്പെടെ നിർവചിക്ക പ്പെട്ട ഒരു പഠനപദ്ധതി എന്നാണ് അർത്ഥമാക്കുന്നത്.

7. ***'ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം (CSS)'*** എന്നാൽ, ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള ആവശ്യകതകൾക്കുവേണ്ടിയുള്ള ക്രെഡിറ്റ് സിസ്റ്റം എന്നാണ്. നേടേണ്ട ക്രെഡിറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്പ്രദായം നിർദ്ദേശിച്ചിരിക്കുന്നത്.

8. ***'ചോയ്സ്-ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം (CBCS)'*** എന്നാൽ, വിദ്യാർത്ഥികൾക്ക് നിശ്ചിത കോഴ്സുകളുടെ ലിസ്റ്റിൽ നിന്ന് കോഴ്സുകൾ തിരഞ്ഞെടുക്കാനുള്ള ഓപ്ഷനുള്ള ഒരു സംവിധാനമാണ് അർത്ഥമാക്കുന്നത്.

9. ***'സ്കൂൾ'*** എന്നാൽ സർവകലാശാലാ നിയമവും സ്റ്റാറ്റ്യൂട്ടുകളും അംഗീകരിച്ച പഠനപ്രോഗ്രാം/കോഴ്സ് വാഗ്ദാനം ചെയ്യുന്ന സർവകലാശാലയിലെ ഏതെങ്കിലും പഠനസ്കൂൾ എന്നർത്ഥമാകുന്നു.

10. ***'സ്കൂൾ കൗൺസിൽ'*** എന്നാൽ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടുകൾ നിർവചിച്ചിരിക്കുന്ന പ്രകാരം, സർവകലാശാലയിലെ ഒരു സ്കൂളിലെ എല്ലാ അദ്ധ്യാപകരുമുള്ള ഔദ്യോഗിക സമിതിയാണ്.

11. **'പ്രോഗ്രാം കോർഡിനേറ്റർ'** നാലുവർഷബിരുദപ്രോഗ്രാമിന്റെ നടത്തിപ്പിന് നേതൃത്വം നൽകുവാൻ സർവകലാശാല നിയോഗിക്കുന്ന ടീച്ചർ എന്നർത്ഥമാകുന്നു. സർവകലാശാല നടത്തുന്ന ഓരോ പ്രോഗ്രാമിനും ഓരോ പ്രോഗ്രാം കോർഡിനേറ്റർ ഉണ്ടായിരിക്കും. നാലുവർഷബിരുദപ്രോഗ്രാമുകളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രോഗ്രാം കോർഡിനേറ്റർ ഏകോപിപ്പിക്കേണ്ടതാണ്.

12. **'സ്കൂൾതല കോർഡിനേറ്റർ'** നാലുവർഷബിരുദപ്രോഗ്രാമുകളിൽ കോഴ്സുകൾ നൽകുന്ന ഓരോ സ്കൂളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്ഥിര ഫാക്കൽറ്റിയാണ് സ്കൂൾ പ്രതിനിധി.

13. ***'ഫാക്കൽറ്റി'*** എന്നാൽ, പ്രോഗ്രാമിലെ കോഴ്സ് വിനിമയം ചെയ്യാൻ നിയോഗിക്കപ്പെട്ട ടീച്ചർ എന്നർത്ഥമാകുന്നു.

14. ***'ഫാക്കൽറ്റി അഡ്വൈസർ/മെന്റർ'*** എന്നാൽ, അക്കാദമിക കാര്യങ്ങളിൽ വിദ്യാർത്ഥികളെ ഉപദേശിക്കാൻ സ്കൂൾ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന പഠനസ്കൂളിൽനിന്നുള്ള ഫാക്കൽറ്റി ആണ്.

15. ***'ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾ'*** എന്നാൽ തിരഞ്ഞെടുത്ത പഠനമേഖലയിലെ പൊതുഫലപ്രാപ്തിയും പാഠ്യകേന്ദ്രിത ഫലപ്രാപ്തിയും ഉൾപ്പെടുന്ന, സർവകലാശാലയിലെ പഠനപ്രക്രിയയിലൂടെ ബിരുദധാരികൾ ആർജിക്കേണ്ട ഗുണങ്ങളും സവിശേഷതകളും അർത്ഥമാക്കുന്നു.

16. ***'കോഴ്സ്'*** എന്നാൽ, പ്രഭാഷണങ്ങൾ, ട്യൂട്ടോറിയലുകൾ, ലബോറട്ടറി വർക്ക്, ഫീൽഡ് വർക്ക്, പ്രോജക്ട് വർക്ക്, വൊക്കേഷണൽ പരിശീലനം, വൈവ, സെമിനാറുകൾ, ടേം പേപ്പറുകൾ, അവതരണങ്ങൾ, അസൈൻമെന്റുകൾ, സ്വയംപഠനം, ഇന്റേൺഷിപ്പ് മുതലായവ ഉൾപ്പെടെ ഒരു പ്രോഗ്രാമിനുള്ളിൽ പഠിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നവയാണ്. അല്ലെങ്കിൽ ഇവയിൽ ചിലതിന്റെ സംയോജന ത്തെയോ ഘടകങ്ങളെയോ ഉൾക്കൊള്ളുന്നു.

17 ***'അക്കാദമിക പാത്ത് വേ'*** – ഒരു പഠിതാവിനു പ്രോഗ്രാം പൂർത്തീകരണത്തിനായി തിരഞ്ഞെടുക്കാവുന്ന, താല്പര്യജനകവും വൈവിധ്യമേറിയതും സാമ്പ്രദായികമല്ലാത്തതുമായ വിവിധ കോഴ്സുകളുടെ കൂട്ടത്തെയാണ് പ്രോഗ്രാം പാത്ത് വേ എന്ന് വിവക്ഷിക്കുന്നത്. വ്യത്യസ്തവിജ്ഞാനശാഖകളിൽ നിന്ന് ഒരേ സമയം കോഴ്സുകൾ പഠിക്കാൻ വ്യത്യസ്തപ്രോഗ്രാം പാത്ത് വേകൾ വിദ്യാർഥികൾക്കു അവസരം ഒരുക്കുന്നു.

18. ***'റെഗുലേറ്ററി ബോഡി'*** എന്നാൽ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ, ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് (ICAR), നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC), നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (NBA), കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അല്ലെങ്കിൽ മറ്റേതെങ്കിലും സമാനമായ സ്ഥാപനങ്ങൾ.

19. **'സിഗ്നേച്ചർ കോഴ്സ്'** പഠിതാക്കളിൽ നിന്നു സവിശേഷപഠനഫലം പ്രതീക്ഷിക്കുന്നതും വ്യതിരിക്തമായ ജ്ഞാനബോധമോ നൈപുണ്യവികസനത്തിനുതകുന്നതുമായ കോഴ്സ്.

20. **'ക്യാപ്സ്റ്റോൺ കോഴ്സ്'** ഒരു വിജ്ഞാനശാഖയിൽ നിന്ന് ബിരുദം നേടിയെടുക്കാനായി, ബിരുദപഠന ക്രമത്തിന്റെ ഏറ്റവും അവസാനകാലത്തു അവതരിപ്പിക്കുന്ന ബിരുദപൂർത്തീകരണകോഴ്സുകൾ.

21. ***'ഗ്രേഡ്',*** എന്നാൽ ഒരു അക്ഷര ചിഹ്നമാണ് (O, A+, A, B+, B, C, P, F). ഗ്രേഡ് എന്നത് ഒരു വിദ്യാർത്ഥിക്ക് തന്റെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന നിർദ്ദിഷ്ട അക്ഷരമാലാക്രമത്തെ അർത്ഥമാക്കുന്നു. വിവിധ പരീക്ഷകളിലെ പ്രകടനത്തിന്റെ അനുബന്ധമായി വിദ്യാർത്ഥികൾക്ക് നൽകിയിരിക്കുന്ന CGPA യുടെ ഒരു ശ്രേണിയുമായി പൊരുത്തപ്പെടുന്ന രീതിയിൽ ആണ് ഒരു 'ഗ്രേഡ് പോയിന്റ്' (G) നൽകുന്നത്. ഇത് ഒരു

പൂർണ്ണമായ പ്രകടനത്തിന്റെ വിശാലമായ തലത്തിലുള്ള സംഖ്യാതുല്യതയെ സൂചിപ്പിക്കുന്നു. 10 – പോയിന്റ് സ്കെയിലിലാണ് ഗ്രേഡ് തയ്യാറാക്കിയിരിക്കുന്നത്.

22. '***സെമസ്റ്റർ ഗ്രേഡ് പോയിന്റ് ശരാശരി*** **(SGPA)**' എന്നാൽ ഒരു സെമസ്റ്ററിൽ എടുത്ത വിവിധ കോഴ്സുകളിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് ലഭിച്ച ക്രെഡിറ്റ് പോയിന്റുകളുടെ ആകെത്തുകയെ ആ സെമസ്റ്ററിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന മൂല്യമാണ്. ഒരു കോഴ്സിന്റെ ഒരു സെമസ്റ്ററിന്റെ അവസാനത്തിൽ ഒരു വിദ്യാർത്ഥിയുടെ മൊത്തത്തിലുള്ള പ്രകടനം SGPA നിർണ്ണയിക്കുന്നു. 'ക്രെഡിറ്റ് പോയിന്റ്' (P) എന്നത് കോഴ്സിന്റെ ക്രെഡിറ്റ് (C) കൊണ്ട് ഗ്രേഡ് പോയിന്റിനെ (G) ഗുണിച്ചാൽ ലഭിക്കുന്ന മൂല്യമാണ്: P = G x C.

23. '***സഞ്ചിത ഗ്രേഡ് പോയിന്റ് ശരാശരി*** **(CGPA)**' എന്നാൽ, പ്രോഗ്രാമിൽ വിദ്യാർത്ഥി നേടിയ എല്ലാ സെമസ്റ്ററുകളിലെയും ക്രെഡിറ്റ് പോയിന്റുകളുടെ ആകെത്തുകയെ പ്രോഗ്രാമിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന മൂല്യമാണ്.

24. '***ഗ്രേഡ് കാർഡ്***'' എന്നാൽ, പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന രേഖയാണ്.

25. **'ബിരുദപഠനകേന്ദ്രം (CENTRE FOR UNDERGRADUATE STUDIES – CUGS)'** സർവകലാശാല ആരംഭിക്കുന്ന വിവിധ ബിരുദപ്രോഗ്രാമുകളുടെ നടത്തിപ്പിനും ഏകോപനത്തിനും ആയി പ്രവർത്തിക്കുന്ന കേന്ദ്രം.

ഇവിടെ സൂചിപ്പിച്ചിട്ടില്ലാത്ത, ഈ ചട്ടത്തിൽ ഉപയോഗിച്ചിട്ടുള്ള മറ്റു വാക്കുകളും പ്രയോഗങ്ങളും മലയാള സർവകലാശാല ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും വിശദമാക്കുന്ന രീതിയിൽ ആണ് നിർവചിക്കപ്പെടേണ്ടത്.

## 4. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ (TEMUFYUGP) സവിശേഷതകളും ലക്ഷ്യങ്ങളും

നാലുവർഷബിരുദപ്രോഗ്രാമുകളുടെ സവിശേഷതകളും ലക്ഷ്യങ്ങളും ഇനി പറയുന്നതായിരിക്കും:

1. നാലുവർഷബിരുദപ്രോഗ്രാമുകളുടെ സവിശേഷതകളും അർത്ഥവും ഉദ്ദേശവും യുജിസിയും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കേരള സ്റ്റേറ്റ് ബിരുദ പാഠ്യപദ്ധതി ചട്ടക്കൂടും (KSUCF) സർവകലാശാല അനുശാസിക്കുന്നതായിരിക്കണം.

2. സർവകലാശാലയുടെ നാലുവർഷബിരുദപ്രോഗ്രാമുകൾക്കു എല്ലാ വർഷവും വിദ്യാർത്ഥികളുടെ ലാറ്ററൽ എൻട്രി അനുവദിക്കുന്നുണ്ടെങ്കിലും മൂന്നു വർഷം വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ ബിരുദത്തോടുകൂടി പുറത്തുപോകാൻ (എക്സിറ്റ്) അനുവദിക്കുകയുള്ളൂ.

3. നാലുവർഷബിരുദപ്രോഗ്രാമിന് മൂന്ന് വിശാലമായ പ്രോഗ്രാം പാത്ത് വേകൾ ഉണ്ടായിരിക്കും, (എ) 3 വർഷത്തെ യു.ജി. ബിരുദം, (ബി) 4 വർഷത്തെ യു.ജി. ബിരുദം (ഓണേഴ്സ്) (സി) 4 വർഷത്തെ യു.ജി. ബിരുദം (ഓണേഴ്സ് വിത്ത് റിസർച്ച്). ഇത് വിദ്യാർത്ഥിക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

4. നാലുവർഷബിരുദപ്രോഗ്രാമിൽ നിന്നും എക്സിറ്റ് ഓപ്ഷൻ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിക്ക് ഏറ്റവും കുറഞ്ഞത് 133 ക്രെഡിറ്റുകൾ നേടുകയും സർവകലാശാല നിഷ്കർഷിച്ചിട്ടുള്ള മറ്റു വ്യവസ്ഥകൾ നിറവേറ്റുകയും ചെയ്താൽ മാത്രമേ മൂന്നുവർഷ ബിരുദം ലഭിക്കുകയുള്ളൂ.

5. നാലുവർഷത്തെ പ്രോഗ്രാം പൂർത്തിയാക്കി, 177 ക്രെഡിറ്റോ അതിനു മുകളിലോ ലഭിക്കുന്നവർ ഓണേഴ്സ് ബിരുദത്തിനു അർഹരായിരിക്കും. അവർ പ്രധാന വിഷയങ്ങളിൽ 12 ക്രെഡിറ്റുള്ള ഒരു ബിരുദ പ്രോജക്ട്/പ്രബന്ധം പൂർത്തിയാക്കിയിരിക്കണം. അല്ലെങ്കിൽ അഡ്വാൻസ് കോഴ്സുകളിൽ നിന്ന് 12 ക്രെഡിറ്റുകൾ നേടിയിരിക്കണം.

6. മൂന്നാം വർഷം പൂർത്തിയാകുമ്പോൾ 75% ത്തിനു തത്തുല്യമായ ഗ്രേഡുകൾ നേടുന്ന വിദ്യാർത്ഥിക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനാകും. ഇതിനായി 12 ക്രെഡിറ്റ് ലഭിക്കുന്ന ഗവേഷണപ്രോജക്ട് അല്ലെങ്കിൽ ഡിസർട്ടേഷൻ ഉൾപ്പെടെ ഗവേഷണസംബന്ധിയായ കോഴ്സുകൾ നാലാം വർഷത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്.

7. നിർദ്ദിഷ്ട നാലുവർഷബിരുദപ്രോഗ്രാം പാഠ്യപദ്ധതി മൂന്ന് വിശാലമായ ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്:

   എ) ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ (General Foundation Courses)

   ബി) ഡിസിപ്ലിൻ സ്പെസിഫിക്ക് കോഴ്സുകൾ

   സി) ഡിസിപ്ലിൻ സ്പെസിഫിക്ക് ക്യാപ്സ്റ്റോൺ കോഴ്സുകൾ

8. നാലുവർഷബിരുദപ്രോഗ്രാമുകളുടെ ഘടന ജനറൽ ഫൌണ്ടേഷൻ കോഴ്സുകളും ഡിസിപ്ലിൻ സ്പെസിഫിക്ക് കോഴ്സുകളും ഉൾക്കൊള്ളുന്നതാണ്.

9. ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ എല്ലാ വിദ്യാർത്ഥികൾക്കും പൊതുവായുള്ളതാണ്. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC), സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ (SEC), വാല്യൂ ആഡഡ് കോഴ്സുകൾ (VAC), മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) എന്നിങ്ങനെ 4 പ്രധാന ബാസ്ക്കറ്റുകളായി ജനറൽ ഫൗണ്ടേഷൻ കോഴ്സുകളെ തിരിച്ചിരിക്കുന്നു. ഡിസിപ്ലിൻ സ്പെസിഫിക്ക് കോഴ്സുകൾ, തിരഞ്ഞെടുത്ത പഠനമേഖലയിൽ ധാരണ നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

10. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) ഭാഷാവിനിമയ വൈവിധ്യത്തിനാണ് ഊന്നൽ നൽകുന്നത്. ഇംഗ്ലീഷ് ഭാഷയ്ക്കൊപ്പം മലയാളഭാഷ കോഴ്സുകളും സർവകലാശാല രൂപകല്പന ചെയ്തിരിക്കുന്നു.

11. മോഡേൺ ഇന്ത്യൻ ലാംഗ്വേജ് (MIL) വിഭാഗത്തിൽ മലയാളം ഭാഷാ കോഴ്സുകൾ രൂപകല്പന ചെയ്തിരിക്കുന്നത് വിദ്യാർത്ഥികളെ വിമർശനാത്മക വായന, അക്കാദമിക രചന, ഭാഷയുടെ സാംസ്കാരികവും ബൗദ്ധികവുമായ പൈതൃകം മനസ്സിലാക്കൽ എന്നിവയുൾപ്പെടെയുള്ള പ്രധാന കഴിവുകൾ പോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടതാണ്.

12. സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ (SEC) ജോലിസ്ഥലത്തെ സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത, ആശയവിനിമയം, സഹകരണം തുടങ്ങിയ പുതിയ കാലം ആവശ്യപ്പെടുന്ന കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

13. വാല്യൂ ആഡഡ് കോഴ്സുകൾ (VAC) വിദ്യാർത്ഥികളിൽ മൂല്യബോധം വളർത്തുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാകണം.

14. ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവിക വിഷയങ്ങൾ, കലകൾ എന്നിവയുടെ ആശയപരമായ അടിത്തറ മനസ്സിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലായിരിക്കണം. മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) രൂപകല്പന ചെയ്യേണ്ടത്. എല്ലാ യു.ജി. വിദ്യാർത്ഥികളും ഏതെങ്കിലും മൂന്ന് മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) പൂർത്തിയാക്കേണ്ടതുണ്ട്, അത് നിർബന്ധിതവുമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ പന്ത്രണ്ടാം ക്ലാസിലോ തത്തുല്യമായോ പഠിച്ച അതേ വിഷയത്തിൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) എടുക്കാൻ അർഹതയുണ്ടായിരിക്കില്ല. എന്നിരിക്കിലും ഒന്നിലധികം മേജർ വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ നിബന്ധനകൾ ഉണ്ടായിരിക്കുന്നതല്ല.

    വിദ്യാർത്ഥികൾ അവരുടെ മേജർ, മൈനർ ഒഴികെയുള്ള വിഷയങ്ങളിൽ നിന്നും MDC എടുക്കേണ്ടതാണ്.

15. നാലാം വർഷത്തിൽ, വിദ്യാർത്ഥികൾ ഇന്റേൺഷിപ്പുകളിലൂടെയും ഗവേഷണ പ്രവർത്തനങ്ങളിലൂടെയും വിജ്ഞാനശാഖയുടെ അനുബന്ധമേഖലകളിൽ നേടുന്ന കഴിവുകൾ ഉന്നതവിദ്യാഭ്യാസത്തിനോ സംരംഭകത്വത്തിനോ അവരെ സഹായിക്കുന്നതായിരിക്കണം.

16. ഡിസിപ്ലിൻ സ്പെസിഫിക്ക് കോഴ്സുകൾ (മേജർ/മൈനർ) വിദ്യാർത്ഥികൾക്ക് ഒരു പ്രത്യേക വിഷയത്തെക്കുറിച്ചോ ഡിസിപ്ലിനെക്കുറിച്ചോ ആഴത്തിലുള്ള പഠനം നടത്താനും തിരഞ്ഞെടുത്ത മേഖലയിൽ വിഷയത്തിലുള്ള അറിവും യോഗ്യതയും വികസിപ്പിക്കാൻ അവസരം നൽകും.

17. മൈനർ കമ്പോണന്റ് കോഴ്സുകൾ (MCC) മറ്റ് വിഷയങ്ങളിൽനിന്ന് തിരഞ്ഞെടുക്കണം. അത് മേജർ കോഴ്സുകൾക്ക് (ഡിസിപ്ലിൻ-സ്പെസിഫിക് കോർ കോഴ്സുകൾ അല്ലെങ്കിൽ ഡിസിപ്ലിൻ-സ്പെസിഫിക് ഇലക്ടീവ് കോഴ്സുകൾ) പൂരകമോ അനുബന്ധമോ ആയേക്കാം. എന്നാൽ, മൈനർ കമ്പോണന്റ് കോഴ്സുകൾ (MCC) വിദ്യാർത്ഥികളുടെ മേജറുമായി നേരിട്ട് ബന്ധപ്പെട്ടത് ആയിരിക്കരുത് .

18. വിദ്യാർത്ഥികൾക്ക് ഡിസിപ്ലിനറി/ഇന്റർ ഡിസിപ്ലിനറി മേജർ കോഴ്സുകളും തിരഞ്ഞെടുത്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ട നൈപുണ്യ അധിഷ്ഠിത കോഴ്സുകളും തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടായിരിക്കും.

19. മേജർ കോഴ്സുകൾ മൂന്ന് തരത്തിലാണുള്ളത്:

    - ഡിസിപ്ലിൻ സ്പെസിഫിക് കോർ കോഴ്സുകൾ;
    - ഡിസിപ്ലിൻ സ്പെസിഫിക് ഇലക്റ്റീവ് കോഴ്സുകൾ;
    - ഗവേഷണം / ലബോറട്ടറി / ഫീൽഡ് വർക്ക് അനുബന്ധ കോഴ്സുകൾ;

മേജർ കോഴ്സുകൾ പഠനത്തിന്റെ കേന്ദ്രമായിരിക്കും. ഒരു മേജർ തിരഞ്ഞെടുക്കുന്നതിലൂടെ, വിദ്യാർത്ഥിക്ക് ഒരു പ്രത്യേക ഡിസിപ്ലിനെക്കുറിച്ച് ആഴത്തിലുള്ള പഠനം തുടരാനുള്ള അവസരം ലഭിക്കും. മൾട്ടി ഡിസിപ്ലിനറി മേജർ കോഴ്സുകളും ഇന്റർ ഡിസിപ്ലിനറി മേജർ കോഴ്സുകളും സർവകലാശാല വാഗ്ദാനം ചെയ്യാവുന്നതും, അതിൽ തുല്യമായ ക്രെഡിറ്റ് ഷെയറിംഗിൽ കുറഞ്ഞത് രണ്ടോ മൂന്നോ പ്രധാന കോഴ്സുകളെങ്കിലും ഉൾപ്പെട്ടു ത്താവുന്നതും ആണ്.

20. ഉന്നതമായ തീമാറ്റിക് സ്പെഷ്യലൈസേഷൻ/ഇന്റേൺഷിപ്പുകൾ/കമ്മ്യൂണിറ്റി ഇടപഴകൽ/സേവനങ്ങൾ, തൊഴിലധിഷ്ഠിത അല്ലെങ്കിൽ പ്രൊഫഷണൽ പരിശീലനം മുതലായവ ഉൾപ്പെടുന്ന അവരുടെ പ്രധാന പഠനമേഖലയിൽ വിദ്യാർത്ഥികൾക്ക് അവരുടെ സഞ്ചിതമായ അറിവ് പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് ക്യാപ്സ്റ്റോൺ ലെവൽ കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

21. ഇന്റേൺഷിപ്പ് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ട ചുമതല അതത് സ്കൂൾ കൗൺസിലുകൾക്കായിരിക്കും.

22. സാമൂഹിക പ്രവർത്തനങ്ങളിൽ നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്), സ്പോർട്സ്, ഗെയിംസ്, കലകൾ, വയോജന വിദ്യാഭ്യാസം/സാക്ഷരതാ സംരംഭങ്ങൾ, സ്കൂൾ വിദ്യാർത്ഥികളെ പഠിപ്പിക്കൽ (മെന്ററിംഗ്), സമാനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ എന്നിവ ഉൾപ്പെടുന്നു. ഫലപ്രദമായി ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കു ഗ്രേസ് മാർക്ക് ലഭിക്കാൻ ഉള്ള അവസരം ഉണ്ടാകുന്നതാണ്.

23. സ്വയം (SWAYAM), അർഹമായ ക്രെഡിറ്റ് നേടുവാനുതകുന്ന അംഗീകാരമുള്ള മറ്റ് ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾ എന്നിവ നൽകുന്ന ഓൺലൈൻ കോഴ്സുകൾ വഴി ചുരുങ്ങിയത് 8 ക്രെഡിറ്റുകളെങ്കിലും വിദ്യാർത്ഥികൾ നേടിയിരിക്കേണ്ടതാണ്.

24. പ്രോഗ്രാം പാഠ്യപദ്ധതിയുടെ രൂപരേഖ : സ്കൂൾ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഓരോ പ്രോഗ്രാമിലും കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ ഒരു ഹ്രസ്വപ്രസ്താവനയായിരിക്കും പ്രോഗ്രാം പാഠ്യപദ്ധതിയുടെ രൂപരേഖ. ഇതിൽ ഒ.ബി.ഇ. (OBE) അനുസരിച്ചുള്ള പൊതു ഫലപ്രാപ്തി (P.O), പാഠ്യകേന്ദ്രിത ഫലപ്രാപ്തി (PSO), കോഴ്സ് ഫലങ്ങൾ (CO), മൂല്യനിർണ്ണയരീതി, സഹായഗ്രന്ഥങ്ങളുടെ പട്ടിക എന്നിവ ഉൾപ്പെടുന്നു.

25. സിലബസിന്റെ പരിഷ്കരണങ്ങൾ: സിലബസ് പരിഷ്കരിക്കേണ്ടത് ഒരു നാലുവർഷബിരുദപ്രോഗ്രാമിലെ കോഴ്സുകൾ അവതരിപ്പിക്കുന്ന സ്കൂൾ കൗൺസിലുകളുടെയും അവരുടെ പഠനബോർഡുകളുടെയും ഉത്തരവാദിത്തമായിരിക്കും. ഓരോ വർഷവും പുതിയ വിദ്യാർത്ഥികളെ ക്ഷണിച്ചു കൊണ്ട് പ്രോഗ്രാം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനു മുൻപ് അധ്യാപകർ പുനരവലോകനങ്ങൾ (ഉദാഹരണത്തിന് ലഘുവായ കൂട്ടിച്ചേർക്കലുകൾ, ഇല്ലാതാക്കലുകൾ, ഉപവിഷയങ്ങളുടെ പരിഷ്ക്കരണങ്ങൾ, ഏറ്റവും പുതിയ റഫറൻസ് മെറ്റീരിയലുകളുടെ കൂട്ടിച്ചേർക്കലുകൾ മുതലായവ) നടത്തേണ്ടതാണ്. അത്തരം പുനരവലോകനങ്ങൾ, അക്കാദമിക കൗൺസിൽ നേരത്തെ അംഗീകരിച്ച കോഴ്സ് സിലബസ് രൂപരേഖയിൽ ഒതുങ്ങുന്നതായിരിക്കും.

26. ഓരോ സ്കൂൾ കൗൺസിലും മൂന്നു വർഷത്തിലൊരിക്കലെങ്കിലും സിലബസ് സമഗ്രമായി പരിഷ്കരിക്കണം. അത്തരം പ്രധാന പുനരവലോകനങ്ങളിൽ (i) പൂർവ്വ വിദ്യാർത്ഥികൾ (ii) വ്യവസായം / അക്കാദമികൾ (iii) സംരംഭകർ (iv) സർവകലാശാലയ്ക്ക് പുറത്തുള്ള വിഷയ വിദഗ്ധർ എന്നിവരിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതും അതിനനുസൃതമായും സർവകലാശാല ലക്ഷ്യങ്ങൾ സാധൂകരിക്കുന്ന വിധത്തിലും പരിഷ്കാരങ്ങൾ വരുത്തേണ്ടതുമാണ്. പരിഷ്കരിച്ച സിലബസ് ബിരുദപഠനകേന്ദ്രം (CUGS) മുഖേന അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

27. പ്രോഗ്രാം / കോഴ്സ് ഫലങ്ങളുടെ ഫലപ്രാപ്തി (POs, PSO & CO): ഒരു ഔപചാരിക കോഴ്സിന്റെ അവസാനം എല്ലാ വിദ്യാർത്ഥികളും പ്രോഗ്രാം ലക്ഷ്യമിടുന്ന പൊതു ഫലപ്രാപ്തിയും പാഠ്യകേന്ദ്രിത ഫലപ്രാപ്തിയും നേടേണ്ടതാണ്. വിദ്യാർത്ഥികളുടെ പ്രകടനത്തെ അടിസ്ഥാനമാക്കിയും വിദ്യാർത്ഥികളുടെ കോഴ്സ് എക്സിറ്റ് സർവേയിലൂടെയും മറ്റു മൂല്യനിർണ്ണയ ഉപകരണങ്ങളിലൂടെയും കോഴ്സ് ഫലങ്ങൾ (CO) നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അതിൻ പ്രകാരം പുതിയ ബാച്ചിന്റെ പാഠ്യക്രമത്തിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. ഇതേ രീതിയിൽ തന്നെ പ്രോഗ്രാം അവസാനിക്കുന്ന വേളയിൽ പ്രോഗ്രാം സവിശേഷഫലങ്ങളും ഗ്രാജുവേറ്റ് സവിശേഷതകളും (Graduate Attributes) പഠിതാക്കളിൽ ഉണ്ടായിട്ടുണ്ടോ എന്നതും പരിശോധിക്കേണ്ടതാണ്.

## 5. പ്രവേശനത്തിനും സീറ്റുകളുടെ സംവരണത്തിനുമുള്ള യോഗ്യത:

1. ഹയർസെക്കൻഡറി അല്ലെങ്കിൽ പ്ലസ് ടു (+2) തലത്തിലോ അതിന് തത്തുല്യമായോ ഒരു ബോർഡ് / യൂണിവേഴ്സിറ്റി നടത്തുന്ന പരീക്ഷ വഴി ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയിട്ടുള്ളവർക്ക്, നാലുവർഷബിരുദപ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.
2. പത്താം ക്ലാസിലോ പ്ലസ്ടുവിലോ മലയാളം ഒരു വിഷയമായി പഠിച്ചവർക്ക് മാത്രമേ സർവകലാശാലയിലെ ബിരുദ പ്രോഗ്രാമിന് പ്രവേശനം അനുവദിക്കുകയുള്ളൂ.
3. വിവിധ നാലുവർഷബിരുദപ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനും സീറ്റുകളുടെ സംവരണത്തിനുമുള്ള യോഗ്യത, സർക്കാരും സർവകലാശാലയും കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന മാനദണ്ഡങ്ങൾ/നിയമങ്ങൾ അനുസരിച്ചായിരിക്കും. ഓരോ നാല് വർഷത്തെ ബിരുദപ്രോഗ്രാമിനും പ്രതിവർഷം പരമാവധി 40 വിദ്യാർത്ഥികളെ ആയിരിക്കും ബാച്ചിൽ ഉൾപ്പെടുത്തുക. സ്ഥാപനത്തിനുള്ളിലെ അക്കാദമിക്, ഭൗതിക സൗകര്യങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കി വിവിധപ്രോഗ്രാമുകളിൽ അതതു വർഷത്തെ പ്രവേശനത്തിനുള്ള പരാമാവധി വിദ്യാർത്ഥികളുടെ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ്.
4. ഭിന്നശേഷി, ട്രാൻസ്ജൻഡർ എന്നീ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ആവശ്യമുള്ളപക്ഷം നിയമാനുസൃതമുള്ള അധിക സീറ്റുകൾ അനുവദിക്കാവുന്നതാണ്.

## 6. ഇൻഡക്ഷൻ പ്രോഗ്രാം

പുതുതായി ഒരു പ്രോഗ്രാമിലേക്കു പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളെ അതിനായി തയ്യാർ ചെയ്യുന്നതിന് നടത്തുന്ന ഒരു ഹ്രസ്വകാല കോഴ്സ് ആണിത്. വിദ്യാർത്ഥികൾക്ക് സർവകലാശാലാ സംവിധാനത്തിലേക്ക് പ്രവേശനത്തിന്റെ ആദ്യ ആഴ്ചയിൽ തന്നെ ദ്വിതല (യൂണിവേഴ്സിറ്റി, സ്കൂൾ/ഫക്കൽറ്റി) ഇൻഡക്ഷൻ പ്രോഗ്രാമുകൾ ക്രമീകരിക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസത്തിന് അനുയോജ്യമായ പഠനശീലങ്ങളുടെ ഒരു നിര പകർന്നു നൽകുന്നതിനൊപ്പം യു.ജി. പ്രോഗ്രാമുകളിലെ ഓരോ വിദ്യാർത്ഥിയെയും യൂണിവേഴ്സിറ്റി ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളെയും പ്രോഗ്രാമിന്റെ ഫലങ്ങളെയും കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട് .

## 7. അക്കാദമിക നിരീക്ഷണവും വിദ്യാർത്ഥികൾക്കുള്ള പിന്തുണയും:

അക്കാദമിക നിരീക്ഷണവും വിദ്യാർത്ഥികൾക്കുള്ള പിന്തുണയും ചുവടെ ചേർക്കുന്ന രീതിയിൽ ആയിരിക്കണം:

1. ഉപദേശക സംവിധാനം: പ്രസക്തമായ എല്ലാ കാര്യങ്ങളിലും ഉപദേശം നൽകുന്നതിന് പ്രോഗ്രാമിലെ ഓരോ വിദ്യാർത്ഥിക്കും ഒരു ഫാക്കൽറ്റി അഡ്വൈസർ/ മെന്റർ (FA) (കോഴ്സ് നൽകുന്ന സ്കൂളിലെ ഒരു ഫാക്കൽറ്റി ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥിയുടെ കോഴ്സ് ഫലപ്രാപ്തി ഉറപ്പാക്കുംവിധമുള്ള ഉപദേശങ്ങൾ ആണ് ഈ അഡ്വൈസർ നൽകേണ്ടത്. ഒപ്പം, ഓൺലൈൻ കോഴ്സുകളുടെ തിരഞ്ഞെടുപ്പിനും, ഐച്ഛിക വിഷയങ്ങളുടെ തിരഞ്ഞെടുപ്പിനും വിദ്യാർത്ഥികൾക്ക് ഈ ഫാക്കൽറ്റി അഡ്വൈസറെ സമീപിക്കാവുന്നതാണ്.
2. ഒരു ക്ലാസിലെ വിദ്യാർത്ഥികളുടെ എല്ലാ അക്കാദമിക പ്രവർത്തനങ്ങളെയും കുറിച്ചുള്ള രേഖകൾ പ്രോഗ്രാമിന്റെ ചുമതലയുള്ള പ്രോഗ്രാം കോഓർഡിനേറ്റർ സൂക്ഷിക്കേണ്ടതാണ്.
3. നിലവിലുള്ള അക്കാദമിക ചട്ടങ്ങളെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തതകളും ഉപദേശങ്ങളും നൽകേണ്ടത് സ്ഥാപനത്തിന്റെ ഔദ്യോഗിക ഉത്തരവാദിത്തമാണ്. സർവ്വകലാശാലയെ പ്രതിനിധികരിച്ചു ഈ കർത്തവ്യങ്ങൾ നിർവഹിക്കുന്നത് പ്രോഗ്രാം കോർഡിനേറ്റർ ആയിരിക്കും.
4. ബിരുദപ്രോഗ്രാമുകളുടെ നടത്തിപ്പിൽ ഫാക്കൽറ്റി തലത്തിൽ വേണ്ട ഉപദേശങ്ങൾ നൽകാൻ വൈസ് ചാൻസലർ നേതൃത്വം നൽകുന്ന ഒരു നാലുവർഷബിരുദപ്രോഗ്രാം മോണിറ്ററിംഗ് സമിതി ഉണ്ടാകും. സർവകലാശാലയുടെ ബിരുദപഠനകേന്ദ്രം (CUGS) ഡയറക്ടർ ആകും ഈ സമിതിയുടെ കൺവീനർ. സെമസ്റ്റർ ആരംഭിച്ചതിനു തൊട്ടുപിന്നാലെയും അകം മൂല്യനിർണയ പരീക്ഷയുടെ മാർക്ക് പ്രഖ്യാപിച്ചതിനു ശേഷവും ഉപദേശക സമിതി യോഗം വിളിക്കേണ്ടതാണ്.
5. ഇന്റേണൽ മാർക്കുകൾ, ഹാജർ മുതലായവ സെമസ്റ്ററവസാന പരീക്ഷക്ക് ഒരാഴ്ച മുൻപ് കുറഞ്ഞത് രണ്ട് പ്രവൃത്തി ദിവസമെങ്കിലും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചതിന് ശേഷം, പരാതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതും പരിഹരിച്ചതിനു ശേഷം മാത്രമേ യൂണിവേഴ്സിറ്റി പോർട്ടലിൽ ചേർക്കാവൂ.

6. ഹാജർ, ഇന്റേണൽ മാർക്കുകൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ഏതൊരു പരാതിയും ഫാക്കൽറ്റി അഡ്വൈസറുടെയും ബന്ധപ്പെട്ട വിദ്യാർത്ഥിയുടെയും സംയോജിത യോഗങ്ങളിൽ പരിശോധിക്കേണ്ടതാണ്.

7. പരാതികൾ ഫാക്കൽറ്റി അഡ്വൈസറിന്റെ തലത്തിൽ പരിഹരിച്ചില്ലെങ്കിൽ, സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് കൃത്യമായി രൂപീകരിച്ച പരാതിപരിഹാരസമിതിയിലേക്ക് അത് ശിപാർശ ചെയ്യാവുന്നതാണ്.

## 8. പുനഃപ്രവേശനരീതികൾ

1. മറ്റ് ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളിൽ നിന്നും ലാറ്ററൽ എൻട്രി വഴി അഡ്മിഷൻ നേടുന്ന സി.ബി.സി.എസ്.എസ്. (CBCSS) റഗുലേഷനുകളിൽ നിന്നു വന്ന വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം ലഭിക്കുമ്പോൾ പുതിയ ചട്ടങ്ങൾക്ക് കീഴിൽ അവരുടെ പഠനം പുനരാരംഭിക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മലയാള സർവകലാശാലയുടെ പുതിയ ചട്ടങ്ങൾ അനുസരിച്ച് അവരുടെ പ്രോഗ്രാമുകൾ പൂർത്തിയാക്കേണ്ടതുണ്ട്.

2. സർവകലാശാലയുടെ അക്കാദമിക ആവശ്യകത അനുസരിച്ച്, ട്രാൻസിറ്ററി കോഴ്സുകളുടെ/അധിക കോഴ്സുകളുടെ വിലയിരുത്തൽ ഫാക്കൽറ്റി അഡ്വൈസറുടെ ശിപാർശയോടെ വിദ്യാർത്ഥി നടത്തേണ്ടതാണ്.

3. മൂന്നാം വർഷം പൂർത്തിയാകുന്നതിനു മുമ്പ് മറ്റൊരു സ്ഥാപനത്തിലേക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അവർ ആർജിച്ച ക്രെഡിറ്റുകൾക്കനുസൃതമായ 'കോഴ്സ് കം ക്രെഡിറ്റ് സർട്ടിഫിക്കറ്റ്' നൽകുന്നതാണ്. അക്കാദമിക ബാങ്ക് ഓഫ് ക്രെഡിറ്റ്സിലെ ക്രെഡിറ്റുകൾ സംരക്ഷിക്കുന്നതിന് ഈ സർട്ടിഫിക്കറ്റ് അത്യന്താപേക്ഷിതമാണ്.

## 9. പ്രോഗ്രാമുകളുടെ കാലാവധി, ക്രെഡിറ്റ് ആവശ്യകതകൾ, ഓപ്ഷനുകൾ

1. സി.എസ്.എസ്. (CSS) അക്കാദമിക സമിതി തീരുമാനിക്കുന്ന പ്രകാരം വിദ്യാർത്ഥികൾക്ക് പ്രോഗ്രാമിനിടയിൽ ഇടവേളകൾ എടുക്കാനും ഇടവേളയ്ക്കുശേഷം പ്രോഗ്രാം പുനരാരംഭിക്കാനും അവസരം നൽകും.

2. ഒരു വിദ്യാർത്ഥിക്ക് നാലുവർഷം മാത്രമേ സർവകലാശാലയുടെ റഗുലർ വിദ്യാർത്ഥിയായി അദ്ധ്യയനം നടത്തുവാൻ സാധിക്കുകയുള്ളൂ. ഈ കാലയളവിൽ മാത്രമേ സർവകലാശാല റഗുലർ വിദ്യാർത്ഥികൾക്ക് നൽകുന്ന ഹോസ്റ്റൽ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും സൌകര്യങ്ങളും ലഭ്യമാകുകയുള്ളൂ. നാലുവർഷ ബിരുദപ്രോഗ്രാം പരമാവധി 8 വർഷമെടുത്ത് ഇടവേളകളോടെ പൂർത്തിയാക്കാവുന്നതാണ്. 3 വർഷം കഴിഞ്ഞ് പ്രോഗ്രാം വിട്ടുപോകുന്ന വിദ്യാർത്ഥികൾക്ക് പ്രോഗ്രാം പൂർത്തീകരിക്കുന്നതിനുള്ള പരമാവധി കാലയളവ് പ്രവേശനവർഷം മുതൽ 6 വർഷമായിരിക്കും.

## 10. വ്യത്യസ്ത തരം കോഴ്സുകൾ/പ്രവർത്തനങ്ങൾ

പഠനപ്രോഗ്രാമിൽ ചുവടെ കൊടുത്തിട്ടുള്ള കോഴ്സുകൾ/ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു, അതായത്:

1. ലക്ചർ കോഴ്സുകൾ: ഒരു ഫീൽഡുമായോ വിജ്ഞാനശാഖയുമായോ ബന്ധപ്പെട്ട ഒരു ഫാക്കൽറ്റി അംഗത്തിന്റെ പ്രഭാഷണങ്ങൾ അധികരിച്ചുള്ള കോഴ്സുകൾ.

2. ട്യൂട്ടോറിയൽ കോഴ്സുകൾ: ഒരു പഠനമേഖലയിലെ യോഗ്യരായ വ്യക്തികളുടെ മാർഗനിർദേശപ്രകാരം ഒരു ഫീൽഡ് അല്ലെങ്കിൽ വിജ്ഞാനശാഖയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരവും ചർച്ചകളും ഉൾപ്പെടുന്ന കോഴ്സുകൾ.

3. പ്രാക്ടിക്കൽ അല്ലെങ്കിൽ ലബോറട്ടറി വർക്ക്: തിരഞ്ഞെടുത്ത പഠന-തൊഴിൽ, അല്ലെങ്കിൽ പ്രൊഫഷണൽ പ്രാക്ടീസ് എന്നിവയുമായി ബന്ധപ്പെട്ട് മുമ്പ് പഠിച്ച തത്ത്വങ്ങൾ / സിദ്ധാന്തങ്ങൾ അടിസ്ഥാനപ്പെടുത്തുന്ന ഒരു പ്രാക്ടിക്കൽ പ്രോജക്റ്റിലോ അല്ലെങ്കിൽ ലാബ് പ്രവർത്തനത്തിലോ വിദ്യാർത്ഥികൾ പങ്കെടുക്കേണ്ട ഒരു കോഴ്സ്.

4. സെമിനാർ: വിദഗ്ധരുടെ അനുഭവങ്ങൾ/വായനകൾ, സമകാലികമോ ചരിത്രപരമോ ആയ രേഖകൾ/വിഷയങ്ങൾ, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഘടനാപരമായ ചർച്ച/സംഭാഷണത്തിലോ സംവാദത്തിലോ വിദ്യാർത്ഥികളുടെ പങ്കാളിത്തം ആവശ്യപ്പെടുന്ന കോഴ്സ്.

5. ഇന്റേൺഷിപ്പ്: വിദ്യാർത്ഥികൾ പ്രൊഫഷണൽ പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിനോ പ്രവൃത്തി പരിചയം നേടുന്നതിനോ വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തുള്ള ഒരു സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ആവശ്യപെടുന്ന കോഴ്സ്.
6. സ്റ്റുഡിയോ പ്രവർത്തനങ്ങൾ: സൃഷ്ടിപരമോ കലാപരമോ ആയ സ്റ്റുഡിയോ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ ഇടപെടൽ സാധ്യമാക്കുന്ന കോഴ്സ്.
7. ഫീൽഡ് പ്രാക്ടീസ് അല്ലെങ്കിൽ പ്രോജക്ടുകൾ: വിദ്യാർത്ഥികൾക്ക് ഫീൽഡ് അധിഷ്ഠിത പഠനത്തിലോ പ്രോജക്ടുകളിലോ പങ്കെടുക്കാൻ കഴിയുന്ന തരത്തിലുള്ള കോഴ്സുകൾ.
8. കമ്മ്യൂണിറ്റി സേവനം: സമൂഹത്തിലെ സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങൾ മനസിലാക്കുന്നതിനും ഇടപെടുന്നതിനും ഉള്ള പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി ഇടപെടലിന്റെയും സേവനത്തിന്റെയും പാഠ്യപദ്ധതിയിൽ ഉൾപ്പെടും.

## 11. ക്രെഡിറ്റ് ഘടന:

ബിരുദപ്രോഗ്രാമുകൾക്കായുള്ള ഓരോ കോഴ്സിനുമുള്ള നിർദ്ദിഷ്ട ക്രെഡിറ്റുകളുടെ എണ്ണവും ക്രെഡിറ്റുകളുടെ വിതരണവും ചുവടെ നൽകിയിരിക്കുന്നു.

1. സി.എസ്.എസ്. (CSS) അക്കാദമിക കലണ്ടർ പ്രകാരം ഒരു അധ്യയന വർഷം രണ്ട് സെമസ്റ്ററുകൾ ഉൾക്കൊള്ളുന്നതാണ്. 5 പ്രവൃത്തി ദിവസങ്ങൾ വീതമുള്ള 18 ആഴ്ചകൾ ഉൾക്കൊള്ളുന്നതാണ് ഒരു സെമസ്റ്റർ. ഓരോ സെമെസ്റ്ററിലും 15 ദിവസങ്ങൾ, അതായത് മൂന്ന് ആഴ്ച അകം പരീക്ഷകൾക്കും അനുബന്ധഅക്കാദമിക പ്രവർത്തനങ്ങൾക്കുമായി മാറ്റി വയ്ക്കേണ്ടതുണ്ട്. നാലുവർഷബിരുദപ്രോഗ്രാമിന്റെ ഫലപ്രദമായ പ്രവർത്തനത്തിന്, വഴക്കമുള്ള (flexible) സമയക്രമം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി നടപ്പാക്കും.
2. ആഴ്ചയിൽ ഒരു മണിക്കൂർ പ്രഭാഷണം/ ട്യൂട്ടോറിയൽ, കുറഞ്ഞത് രണ്ട് മണിക്കൂർ ലാബ് വർക്ക്/പ്രായോഗിക പരിശീലനം/ ഫീൽഡ് വർക്ക് എന്നിവ ഉൾപ്പെടുന്ന ഒരു കോഴ്സിന് ഒരു ക്രെഡിറ്റ്.

   ഒരു സെമസ്റ്ററിലെ ഒരു ക്രെഡിറ്റ് 15 മണിക്കൂർ പ്രഭാഷണങ്ങൾക്കോ, ട്യൂട്ടോറിയലുകൾക്കോ അല്ലെങ്കിൽ 30 മണിക്കൂർ പരിശീലനത്തിനോ, 30 മണിക്കൂർ പഠിതാക്കളുടെ ഇടപെടലുകൾക്കോ (കോഴ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ സെമിനാർ തയ്യാറാക്കൽ, അസൈൻമെന്റുകൾ സമർപ്പിക്കൽ മുതലായവ) വേണ്ടി രൂപകൽപ്പന ചെയ്തിരിക്കണം.
3. സെമിനാർ/ഇന്റേൺഷിപ്പ്/ സ്റ്റുഡിയോ പ്രവർത്തനം/ഫീൽഡ് പ്രാക്ടീസ്/പ്രൊജക്റ്റ്/കമ്മ്യൂണിറ്റി സേവനം തുടങ്ങി ഒരു ക്രെഡിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ രണ്ട് മണിക്കൂർ ചെലവിടേണ്ടതാണ്. (ഒരു സെമസ്റ്ററിന് 30 മണിക്കൂർ).
4. ഒരേ കോഴ്സിന് വ്യത്യസ്ത തരം പഠനപരിപാടികൾ ഉൾക്കൊള്ളാം– ലെക്ചർ ക്രെഡിറ്റുകൾ, ട്യൂട്ടോറിയൽ ക്രെഡിറ്റുകൾ, പ്രാക്ടിക്കം ക്രെഡിറ്റുകൾ എന്നിവയുടെ സംയോജനമുണ്ടാകാം.
5. ഒരു കോഴ്സിന്റെ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് 2 (രണ്ട്) ആയിരിക്കും. കോഴ്സിന്റെ ഭാഗമായി വരുന്ന കമ്മ്യൂണിറ്റി ഇടപെടൽ (1 ക്രെഡിറ്റ്), ഗവേഷണ പ്രോജക്റ്റ്/ഗവേഷണപ്രബന്ധം (12 ക്രെഡിറ്റ്), ഇന്റേൺഷിപ്പ് (2 ക്രെഡിറ്റ്) എന്നിവയ്ക്കും ഫൌണ്ടേഷൻ തലത്തിലുള്ള കോഴ്സുകൾക്കും ഒഴികെ, മറ്റു കോഴ്സുകൾക്ക് പരമാവധി ക്രെഡിറ്റ് 4 (നാല്) ആയിരിക്കും.
6. എല്ലാ ഡിസിപ്ലിൻ-സ്പെസിഫിക് കോഴ്സുകളും (മേജർ അല്ലെങ്കിൽ മൈനർ) ആഴ്ചയിൽ 4 (നാല്) മണിക്കൂർ ദൈർഘ്യമുള്ളത് ആയിരിക്കണം. എല്ലാ ഡിസിപ്ലിൻ-സ്പെസിഫിക് മേജർ / മൈനർ കോഴ്സുകൾക്കും ആഴ്ചയിൽ ഒരു മണിക്കൂർ ട്യൂട്ടോറിയലും, പ്രാക്ടിക്കൽ ഉൾപ്പെടുന്ന ഡിസിപ്ലിൻ-സ്പെസിഫിക് മേജർ / മൈനർ കോഴ്സുകൾക്ക് ആഴ്ചയിൽ രണ്ട് മുതൽ നാല് മണിക്കൂർ വരെ പ്രാക്ടിക്കലും ഉണ്ടായിരിക്കണം.
7. മൾട്ടി ഡിസിപ്ലിനറി, എബിലിറ്റി എൻഹാൻസ്മെന്റ് (ഭാഷ), സ്കിൽ എൻഹാൻസ്മെന്റ് വിഭാഗങ്ങൾക്ക് കീഴിലുള്ള കോഴ്സുകൾ ഓരോന്നിനും ആഴ്ചയിൽ മൂന്ന് മണിക്കൂർ സമയം ഉണ്ടായിരിക്കും. അതിനാൽ തന്നെ ഈ വിഭാഗത്തിലെ കോഴ്സുകൾക്ക് മൂന്ന് ക്രെഡിറ്റ് ആയിരിക്കും.
8. ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ്, കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രവർത്തനങ്ങൾ മുതലായവയ്ക്ക് രണ്ട് ക്രെഡിറ്റുകൾ നേടുന്നതിന് അറുപത് മണിക്കൂർ പ്രവർത്തനം ആവശ്യമായിട്ടുണ്ട്.

9. ഒരു വിദ്യാർത്ഥിക്ക് ബിരുദം നേടുന്നതിന് ആവശ്യമായതിനു പുറമേ ഒരു നിശ്ചിത എണ്ണം അധിക ക്രെഡിറ്റുകൾ തിരഞ്ഞെടുക്കാൻ കഴിയും. ഒരു വിദ്യാർത്ഥിക്ക് 3 വർഷത്തെ (6–സെമസ്റ്റർ) ബിരുദപ്രോഗ്രാമിനായി പരമാവധി 24 ക്രെഡിറ്റുകൾ വരെ അധിക ക്രെഡിറ്റുകൾ നേടാനുള്ള അവസരം ഉണ്ടായിരിക്കും. എന്നാൽ 4 വർഷത്തെ (8 –സെമസ്റ്റർ) ബിരുദ ഓണേഴ്സ് പ്രോഗ്രാമിനായി പരമാവധി 32 വരെ അധിക ക്രെഡിറ്റുകൾ നേടാനുള്ള അവസരം ഉണ്ടായിരിക്കും. അതായതു മൂന്ന് വർഷത്തെ ബിരുദപ്രോഗ്രാമിൽ 157 വരെയും നാല് വർഷത്തെ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിൽ 209 വരെയും ക്രെഡിറ്റുകൾ നേടാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. ഈ സാധ്യത കൂടുതൽ ഐച്ഛിക/ ഓൺലൈൻ കോഴ്സുകളിൽ പരിശീലനം നേടാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കും.

10. ഒരു പ്രോഗ്രാമിന്റെ ഓരോ സെമസ്റ്ററിലും 25 ക്രെഡിറ്റുകൾ വരെ ലഭിക്കാവുന്ന കോഴ്സുകൾ ഓരോ സെമസ്റ്ററിനും ലഭ്യമായ അധ്യാപന സമയം ഉപയോഗിച്ച് രൂപകൽപ്പന ചെയ്യാവുന്നതാണ്. മതിയായ അധ്യാപനസമയം ഇല്ലെങ്കിൽ, തത്തുല്യ തലത്തിലുള്ള ഓൺലൈൻ കോഴ്സുകൾ സ്കൂളിന് നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഒരു സെമസ്റ്ററിൽ ഒരു വിദ്യാർത്ഥിക്ക് എടുക്കാവുന്ന പരമാവധി ഓൺലൈൻ കോഴ്സുകൾ നാലു ക്രെഡിറ്റ് വീതമുള്ള 2 എണ്ണം ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

## 12. നാലുവർഷബിരുദപ്രോഗ്രാമുകളുടെ ഘടന:

FYUG പ്രോഗ്രാമുകളിൽ ഇനിപ്പറയുന്ന വിഭാഗങ്ങൾ അടങ്ങിയിരിക്കണം. അവയിൽ ഓരോന്നിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് (ഡബിൾ മേജർ, മൾട്ടി ഡിസിപ്ലിനറി മേജർ എന്നിവയൊഴികെ) ഇനി പറയുന്നവയാണ്:

**(1) ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ**

1. ഒന്നിലധികം മേജർ വിഷയങ്ങൾ പഠിക്കുന്ന പ്രോഗ്രാമുകളിൽ ഒഴികെ, നാലുവർഷ ബിരുദപ്രോഗ്രാമിൽ ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ജനറൽ ഫൗണ്ടേഷൻ കോഴ്സുകളിൽ നിന്ന് 39 ക്രെഡിറ്റുകൾ നേടേണ്ടത് നിർബന്ധമാണ്. അവയെ നാല് വ്യത്യസ്ത ഉപവിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഓരോ ഉപവിഭാഗങ്ങൾക്കുമുള്ള ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് വിതരണം ചുവടെ നൽകിയിരിക്കുന്നു:

   എ. എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) – 12 ക്രെഡിറ്റ്

   ബി. സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ (SEC) – 9 ക്രെഡിറ്റ്

   സി. വാല്യൂ ആഡഡ് കോഴ്സുകൾ (VAC) –9 ക്രെഡിറ്റ്

   ഡി. മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) – 9 ക്രെഡിറ്റ്

**(2) 3 വർഷത്തെ ബിരുദത്തിനുള്ള ഡിസിപ്ലിൻ സ്പെസിഫിക് ഫൗണ്ടേഷനും പാത്ത്‌വേ കോഴ്സുകളും**

1. ഡിസിപ്ലിൻ സ്പെസിഫിക് ഫൗണ്ടേഷനും 3 വർഷത്തെ ഡിഗ്രി പ്രോഗ്രാമിനുള്ള പാത്ത്‌വേ കോഴ്സുകൾക്കും ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് 133 ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്.

   ഓരോ ഉപവിഭാഗങ്ങൾക്കും നിർദ്ദേശിച്ചിട്ടുള്ള ഡിസിപ്ലിൻ സ്പെസിഫിക് കോഴ്സുകളുടെ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് വിതരണം ചുവടെ നൽകിയിരിക്കുന്നു:

   എ. മേജർ പാത്ത്‌വേ കോഴ്സുകൾ: 68 ക്രെഡിറ്റുകൾ

   ബി. മൈനർ/ഐച്ഛിക പാത്ത്‌വേ കോഴ്സുകൾ: 24 ക്രെഡിറ്റുകൾ

   സി. ഇന്റേൺഷിപ്പ്: 2 ക്രെഡിറ്റുകൾ

   കുറിപ്പ് 1: ഇന്റേൺഷിപ്പിലൂടെ നേടിയ ക്രെഡിറ്റുകൾ മേജർ പാത്ത്‌വേ കോഴ്സുകളുടെ ഭാഗമായി കണക്കാക്കും.

**(3) നാല് വർഷത്തെ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ചിനുള്ള ഡിസിപ്ലിൻ സ്പെസിഫിക് ഫൗണ്ടേഷനും പാത്ത്‌വേ കോഴ്സുകളും**

1. 133 ക്രെഡിറ്റുകൾ വിജയകരമായി നേടിയ ശേഷം ഓണേഴ്സ് പ്രോഗ്രാമിൽ പ്രവേശിക്കുന്ന വിദ്യാർത്ഥി ഒരു വർഷത്തിനുള്ളിൽ ഡിസിപ്ലിൻ സ്പെസിഫിക് ക്യാപ്സ്റ്റോൺ ഘടകങ്ങൾ, മൈനർ ഘടകങ്ങൾ, പ്രോജക്റ്റ് എന്നിവയിൽനിന്ന് കുറഞ്ഞത് 44 ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്.

2. മൂന്ന് വർഷത്തെ ബിരുദപ്രോഗ്രാമിന് ആവശ്യമായ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം, കുറഞ്ഞത് 7.5 CGPA നേടുന്ന വിദ്യാർത്ഥികളെ ബിരുദപ്രോഗ്രാമിന്റെ നാലാം വർഷത്തിൽ ഗവേഷണ മാർഗ

ദർശികളുടെ ലഭ്യതയനുസരിച്ച് ഓണേഴ്സ് വിത്ത് റിസർച്ച് തുടരാനും മറ്റുള്ള വിദ്യാർത്ഥികൾക്ക് ഓണേഴ്സ് പഠനം തുടരാനും സാധിക്കും.

3. ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിലെ നാലാം വർഷം ഓരോ ഉപവിഭാഗത്തിനും നിർദ്ദേശിച്ച ക്രെഡിറ്റ് വിതരണവും കോഴ്സുകളും ചുവടെ നൽകിയിരിക്കുന്നു.

എ. മേജർ പാത്ത്‌വേ / കാപ്സ്റ്റോൺ കോഴ്സുകൾ: 24 ക്രെഡിറ്റ്

ബി. മറ്റ് അവശ്യ കോഴ്സുകൾ: 08 ക്രെഡിറ്റുകൾ

സി. ഗവേഷണം: 12 ക്രെഡിറ്റുകൾ

### 13. അക്കാദമിക പാത്ത് വേ:

1) **ഡിഗ്രി വിത്ത് സിംഗിൾ മേജർ (Degree With Single Major)** – ഒരു പ്രത്യേക ഡിസിപ്ലിനിൽ തന്നെ ആഴത്തിൽ അറിവു സമ്പാദിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് ചേരാവുന്ന ബിരുദ പാത്ത് വേ ആണിത്. ഏതെങ്കിലും പ്രത്യേക മൈനറുകൾ മുഖ്യവിഷയത്തോടൊപ്പം ചേർക്കാതെ അതാത് വിഷയത്തിലെ തന്നെ പല പരിപ്രേക്ഷ്യങ്ങൾ മനസ്സിലാക്കാൻ ഈ പാത്ത് വേയിൽ തുടരുന്നവർക്ക് സാധിക്കും. മുഖ്യവിഷയത്തിൽ ആകെയുള്ളതിന്റെ 50% ക്രെഡിറ്റ് നേടുമ്പോൾ തന്നെ ഒരു വിദ്യാർത്ഥിക്ക് ആ വിഷയത്തിൽ മേജർ ബിരുദം നേടാനാകും. ബാക്കിയുള്ള ക്രെഡിറ്റുകൾ അതേ വിഷയത്തിലോ താല്പര്യമുള്ള മറ്റു ഡിസിപ്ലിനുകളിലെ ഇലക്ടീവ് പേപ്പറുകളിൽ നിന്നോ ഒരു വിദ്യാർത്ഥിക്ക് പൂർത്തീകരിക്കാനാവും.

2) **ഡിഗ്രി വിത്ത് ഡബിള്‍ മേജർ (Degree With Double Major)**: ഈ പാത്ത് വേ പിന്തുടരുന്നവർക്ക് രണ്ട് മേജറുകളിൽ ഒരേ സമയം ബിരുദം നേടാനാവും. ആദ്യ മേജറിൽ 50 ശതമാനം ക്രെഡിറ്റും രണ്ടാം മേജറിൽ 40 ശതമാനം ക്രെഡിറ്റുമാണ് ഇതിനായി ഒരു വിദ്യാർത്ഥി നേടേണ്ടത്. അതത് വിഷയത്തിൽ തന്നെയുള്ള VAC, MDC, സ്കിൽ കോഴ്സുകളിലെ ക്രെഡിറ്റ് കൂടി ഉൾപ്പെടുത്തി ഓരോ മുഖ്യവിഷയത്തിലും കുറഞ്ഞത് 53 ക്രെഡിറ്റ് നേടിയെടുക്കുന്ന വിദ്യാർത്ഥികൾ ഡബിൾ മേജർ ബിരുദത്തിന് അർഹരാകും.

3) **ഡിഗ്രി മേജർ വിത്ത് മൈനർ (Degree Major With Minor)**: നാലുവർഷബിരുദപ്രോഗ്രാം പിന്തുടരുന്ന ഒരു വിദ്യാർത്ഥിക്ക് ഒരു പ്രത്യേക വിഷയത്തിൽ മേജർ ബിരുദം ലഭിക്കുമ്പോൾ അയാളുടെ മൈനർ വിഷയം കൂടി സർട്ടിഫിക്കറ്റിൽ അടയാളപ്പെടുത്തണമെങ്കിൽ അയാൾ ആ ഡിസിപ്ലിനിലെ 8 പാത്ത്‌വേ കോഴ്സുകളിൽ നിന്ന് കുറഞ്ഞത് 32 ക്രെഡിറ്റുകൾ നേടിയിരിക്കണം .

4) **മേജർ വിത്ത് മൾട്ടിപ്പിൾ ഡിസിപ്ലിൻസ് ഓഫ് സ്റ്റഡി (Major With Multiple Disciplines of Study)**: ഒന്നിലധികം പഠന വിഷയങ്ങളിൽ പ്രധാന കഴിവുകൾ വികസിപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പാത ശിപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മൈനർ പാതയുടെ ക്രെഡിറ്റുകൾ ഘടക വിഭാഗങ്ങൾ/ വിഷയങ്ങൾക്കിടയിൽ വിതരണം ചെയ്യും. നാലുവർഷബിരുദപ്രോഗ്രാം പിന്തുടരുന്ന ഒരു വിദ്യാർത്ഥിക്ക് ഒരു പ്രത്യേക വിഷയത്തിൽ മേജർ ബിരുദം ലഭിക്കുകയാണെങ്കിൽ, അയാൾ മൈനർ പാത്ത്‌വേ കോഴ്സുകളിൽ നിന്ന് കുറഞ്ഞത് 12 ക്രെഡിറ്റുകൾ കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ, അയാൾ തിരഞ്ഞെടുക്കുന്ന വിഷയങ്ങളെ മൈനർ ആയി പരാമർശിക്കപ്പെടുന്നതാണ്.

5) **മൾട്ടി ഡിസിപ്ലിനറി / ഇന്റർ ഡിസിപ്ലിനറി മേജർ** (Multi Disciplinary/Inter Disciplinary Major)

   ഒന്നിലധികം പഠന വിഷയങ്ങളിൽ പ്രധാന കഴിവുകൾ വികസിപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പാത ശിപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മൈനർ പാതയുടെയും മേജർ പാതയുടെയും ക്രെഡിറ്റുകൾ ഘടക വിഭാഗങ്ങൾ / വിഷയങ്ങൾക്കിടയിൽ വിതരണം ചെയ്യും.

**ഓണേഴ്സ് പഠനങ്ങൾക്കൊപ്പം ഗവേഷണവും** : വിജ്ഞാന അടിത്തറ, ബൗദ്ധിക കഴിവുകൾ, മൾട്ടി ഡിസിപ്ലിനറി വീക്ഷണങ്ങൾ, വഴക്കമുള്ള നൈപുണ്യങ്ങൾ, അടിസ്ഥാന വൈദഗ്ധ്യം, സാമൂഹിക ഉത്തരവാദിത്തം എന്നിവ ഉപയോഗിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കാൻ കഴിയുന്ന പാഠ്യപദ്ധതികളോടെ ബിരുദ വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അംഗീകരിച്ചാണ് ഈ പാത നിർദ്ദേശിക്കുന്നത്.

ഒരു വിജ്ഞാനസമൂഹത്തിൽ അവരെ സാമൂഹിക ഉത്തരവാദിത്തമുള്ള പൗരരാക്കാനും ഗവേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗവേഷണ അഭിരുചി വളർത്താനും ഈ പാത്ത്‌വേ സഹായകമാവും.

വിവിധ ബിരുദപാത്ത് വേകൾക്കൊപ്പം ഗവേഷണഘടകങ്ങൾക്ക് പ്രാധാന്യം നൽകുന്ന കോഴ്സുകൾ നാലാം വർഷത്തിൽ പൂർത്തിയാക്കുന്നവർക്ക് നാലാംവർഷത്തിന്റെ അവസാനത്തിൽ ഗവേഷണത്തോടുകൂടിയ ഓണേഴ്സ്

ബിരുദം ലഭിക്കും. ഈ പാതയിലുള്ള ഒരു വിദ്യാർത്ഥി നാലാംവർഷത്തിൽ ഗവേഷണസംബന്ധിയായ 12 ക്രെഡിറ്റ് ലഭിക്കുന്ന പ്രൊജക്റ്റ് അല്ലെങ്കിൽ ഡിസ്സെർറ്റേഷനും, ഗവേഷണരീതിശാസ്ത്രകോഴ്സുകളും ഉൾപ്പെടെ കുറഞ്ഞത് 44 ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്.

പട്ടിക-1: ഡിസിപ്ലിൻ സ്പെസിഫിക്ക് പാത്ത് വേ കോഴ്സുകളുടെ അക്കാദമികതലം (Academic Levels of Discipline-Specific Pathway Courses)

| ക്രമ നം. | അക്കാദമിക തലം | നാലുവർഷബിരുദപ്രോഗ്രാമിന്റെ കോഴ്സുകളുടെ സ്വഭാവം | സെമസ്റ്ററുകൾ | കുറഞ്ഞ ക്രെഡിറ്റുകൾ | മൈനർ/ഐച്ഛികം |
|---|---|---|---|---|---|
| 1 | 0 – 99 | പ്രി-റിക്വസൈറ്റ്സ് ഫോർ ഫൗണ്ടേഷൻ കോഴ്സസ് | | | |
| 2 | 100 – 199 | ഫൗണ്ടേഷൻ കോഴ്സുകൾ | 1 & 2 | 8 | 0 |
| 3 | 200 – 299 | ഇന്റർമീഡിയറ്റ് ലെവൽ കോഴ്സുകൾ | 3 & 4 | 24 | 8-16 |
| 4 | 300 – 399 | ഹയർ ലെവൽ കോഴ്സസ് | 5 & 6 | 24 | 8-16 |
| 5 | 400 – 499 | ഫസ്റ്റ് ഇയർ പി.ജി. ലെവൽ കോഴ്സസ് | 7 & 8 | 44 | |

സർവകലാശാലയിൽ ആരംഭിക്കാവുന്ന വ്യത്യസ്ത തരം പാത്ത് വേകളും അവയുടെ ക്രെഡിറ് വിതരണരീതികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഴ്സുകളുടെ സ്വഭാവം | അവശ്യം വേണ്ട കുറഞ്ഞ ക്രെഡിറ്റ് | | |
|---|---|---|---|---|
| | | മൂന്നുവർഷ ബിരുദം | നാലുവർഷബിരുദം | ഡബിൾ മേജർ |
| 1 | മേജർ | 68 | 88 | |
| 2 | മൈനർ | 24 | 24 | |
| 3 | ഡബിൾ മേജർ | | | 53+56 |
| 4 | വാല്യൂ ആഡഡ് കോഴ്സുകൾ (VAC) | 9 | 9 | 3-9 |
| 5 | സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ (SEC) | 9 | 9 | 6-9 |
| 6 | എബിലിറ്റിഎൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) | 12 | 12 | 12 |
| 7 | മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC) | 9 | 9 | 3-9 |
| 8 | ഇന്റേൺഷിപ് | 2 | 2 | 2 |
| 9 | അവസാനവർഷ ക്യാപ്സ്റ്റോൺ കോഴ്സുകൾ | | 4/8 | 8 |
| 10 | ഗവേഷണാധിഷ്ഠിതപ്രബന്ധം | | 8/12 | 12 |
| 11 | ഓൺലൈൻ കോഴ്സുകൾ | | 8 | 8 |
| | | **133** | **177** | **177** |

സർവകലാശാലയിൽ ആരംഭിക്കാവുന്ന സിംഗിൾ മേജർ വിത്ത് മൈനർ പാത്ത് വേ കളുടെ ഒരു സാധ്യതാ ചട്ടക്കൂടും അവയുടെ ക്രെഡിറ്റ് വിതരണരീതികളും ചുവടെ ചേർക്കുന്നു. 88 ക്രെഡിറ്റിൽ കുറയാത്ത മുഖ്യവിഷയ കോഴ്സുകളും 24 ക്രെഡിറ്റിൽ കുറയാത്ത മൈനർ വിഷയങ്ങളും ആണ് ഈ ചട്ടക്കൂട്ടു പ്രകാരം വിദ്യാർത്ഥികൾ പൂർത്തീകരിക്കേണ്ടത്.

| | | | | | | കോഴ്സുകളുടെ ആകെ എണ്ണം/ക്രെഡിറ്റുകൾ |
|---|---|---|---|---|---|---|
| സെമസ്റ്റർ 1 ലെവൽ<br>100 | എ.ഇ.സി. 1 (AEC 1)<br>( ഇംഗ്ലീഷ്- 3 ക്രെഡിറ്റുകൾ) | എ.ഇ.സി. 2 (AEC 2)<br>(മലയാളം - 3 ക്രെഡിറ്റുകൾ) | എസ്.ഇ.സി. - 1 (SEC-1) | വി.എ.സി.-1 (VAC-1)<br>എം.ഡി.സി-1 (MDC-1)<br>എം.ഡി.സി-2 (MDC-2) | ഡി.എസ്. സി.(മേജർ) (DSC) | 7 കോഴ്സുകൾ<br>22 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 2 ലെവൽ<br>100 | എ.ഇ.സി. 3 (AEC 3)<br>( ഇംഗ്ലീഷ്- 3 ക്രെഡിറ്റുകൾ) | എ.ഇ.സി. 4 (AEC 4)<br>(മലയാളം - 3 ക്രെഡിറ്റുകൾ) | എസ്.ഇ.സി. - 2 (SEC-2), വി.എ.സി.-2 (VAC-2) | എം.ഡി.സി-3 (MDC-3)<br>എസ്.ഇ.സി (SEC 3) | ഡി.എസ്. സി.(മേജർ) (DSC) | 7 കോഴ്സുകൾ<br>22 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 3 ലെവൽ<br>200 | ഡി.എസ്.സി.(മേജർ) (DSC)<br>4 ക്രെഡിറ്റുകൾ 3 കോഴ്സുകൾ | ഡി.എസ്.എം.-1 (DSM-1)<br>ഡി.എസ്.എം.-2 (DSM-2)<br>8 ക്രെഡിറ്റുകൾ | | വി.എ.സി.-3 (VAC-3) | | 6 കോഴ്സുകൾ<br>23 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 4 ലെവൽ<br>200 | ഡി.എസ്.സി.(മേജർ) (DSC)<br>4 ക്രെഡിറ്റുകൾ<br>2 കോഴ്സുകൾ | ഡി.എസ്.എം.-1 (DSM-1)<br>ഡി.എസ്.എം.-2 (DSM-2)<br>8 ക്രെഡിറ്റുകൾ | | ഡി.എസ്.സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>ഐച്ഛികം | ഐ.എൻ. (ഇന്റേൺഷിപ്പ്)<br>(2 ക്രെഡിറ്റുകൾ) | 5 കോഴ്സുകൾ +<br>ഇന്റേൺഷിപ്പ്<br>22 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 5 ലെവൽ<br>300 | ഡി.എസ്.സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>3കോഴ്സുകൾ | ഡി.എസ്.എം.-1 (DSM-1)<br>ഡി.എസ്.എം.-2 (DSM-2)<br>8 ക്രെഡിറ്റുകൾ | | ഡി.എസ്.സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>ഐച്ഛികം | | 5 കോഴ്സുകൾ<br>24 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 6 ലെവൽ<br>300 | ഡി.എസ്.സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>4കോഴ്സുകൾ | | | ഡി.എസ്.സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>ഐച്ഛികം | | 6 കോഴ്സുകൾ<br>20 ക്രെഡിറ്റുകൾ |

| | | | | | | |
|---|---|---|---|---|---|---|
| | **മൂന്നാംവർഷ അവസാനം(End of Third year)** | | | **നേടിയ ക്രെഡിറ്റുകൾ** | | 133 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 7 ലെവൽ<br>400 | എ.ഡബ്ല്യൂ. (AW- Academic Writing ) (4 ക്രെഡിറ്റുകൾ) | ടി.ബി.ഡബ്ല്യൂ.സി. (TBWC- (Translation, Business Writing and Communica-tion)<br>(4 ക്രെഡിറ്റുകൾ) | | 01, 02(ഓൺലൈൻ കോഴ്സസ് - 8 ക്രെഡിറ്റുകൾ) | ഡി.എസ്. സി.(മേജർ) (DSC)<br>(4 ക്രെഡിറ്റുകൾ)<br>2 കോഴ്സുകൾ | 6 കോഴ്സുകൾ<br>24 ക്രെഡിറ്റുകൾ |
| സെമസ്റ്റർ 8 ലെവൽ<br>400 | എം.123 (M123)<br>(റിസർച്ച്/പ്രൊജക്ട് - 12 ക്രെഡിറ്റുകൾ അല്ലെങ്കിൽ 3 പി.ജി. ലെവൽ കോഴ്സസ് ഓഫ് 4 ക്രെഡിറ്റുകൾ) | | | | ഡി.എസ്. സി.(മേജർ) (DSC)<br>-<br>ക്യാപ്സ്റ്റോൺ കോഴ്സസ്<br>(4 ക്രെഡിറ്റുകൾ)<br>2 കോഴ്സുകൾ | 2 കോഴ്സുകൾ + പ്രൊജക്ട്<br>20 ക്രെഡിറ്റുകൾ |
| മാക്സിമം ക്രെഡിറ്റ് | **നാലാംവർഷ അവസാനം(End of Fourth year)** | | | **നേടിയ ക്രെഡിറ്റുകൾ** | | 177ക്രെഡിറ്റുകൾ |

- ❖ വി.എ.സി. (VAC —Value Added Courses)
- ❖ എം.ഡി.സി. (MDC-Multidisciplinary courses)
- ❖ എസ്.ഇ.സി. (SEC- Skill Development Courses)
- ❖ എ.ഇ.സി. (AEC- Ability Enhancement Courses)
- ❖ ഡി.എസ്.സി. (DSC- Discipline specific Core) മേജർ (21 കോഴ്സസ് + പ്രൊജക്ട്= 96 ക്രെഡിറ്റുകൾ)
- ❖ ഡി.എസ്.എം. (DSM-Discipline Specific Minor) = 12+12 = 24 ക്രെഡിറ്റുകൾ

ഒരേ സമയം രണ്ടു മേജർ നൽകുന്ന കോഴ്സുകളിൽ ഓരോ മേജർ കോഴ്സിലും മിനിമം 52 ക്രെഡിറ്റ് വീതം ആയിരിക്കും ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ടത്. ഒരേ സമയം മൂന്ന് മേജർ പഠിക്കാവുന്ന മൾട്ടി ഡിസിപ്ലിനറി മേജർ പ്രോഗ്രാമിൽ ഓരോ മേജർ കോഴ്സിലും ക്യാപ്സ്റ്റോൺ കോഴ്സുകൾ ഉൾപ്പെടെ 36 ക്രെഡിറ്റ് വീതം ആർജ്ജിക്കേണ്ട കോഴ്സുകൾ ആണ് ഉണ്ടാവുക.

## 14. ഓൺലൈൻ-ബ്ലെൻഡഡ് പഠനരീതികൾ

സ്വയം (SWAYAM), എ.ആർ.പി.ഐ.ടി. (ARPIT), എൻ.പി.ടി.ഇ.എൽ. (NPTEL) മുതലായ പ്ലാറ്റ്ഫോമുകളിലൂടെ അവതരിപ്പിക്കപ്പെടുന്ന കോഴ്സുകളിൽ നിന്ന് തങ്ങളുടെ വിദ്യാർത്ഥികൾക്ക് ഉചിതമായ കോഴ്സുകൾ അതാതു പ്രോഗ്രാം പഠനബോർഡുകൾ പട്ടികപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തേണ്ടതാണ്.

മറ്റ ഓൺലൈൻ വിദ്യാഭ്യാസപ്ലാറ്റഫോമുകളിലെയും മറ്റ സ്വകാര്യ പ്ലാറ്റഫോമുകളിലേയും കോഴ്‌സുകൾ, ബിരുദപഠന കേന്ദ്രത്തിന്റെയും (CUGS) അതതു പ്രോഗ്രാം കോർഡിനേറ്ററിന്റെയും അനുമതിക്ക് വിധേയമായി വിദ്യാർത്ഥികൾക്ക് പൂർത്തിയാക്കാവുന്നതാണ്. ഇത്തരം കോഴ്‌സുകൾക്ക് സമഗ്രമായ ഗ്രേഡഡ് മൂല്യനിർണയ രീതികളും ഗ്രേഡുകളും ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. യുജിസി അംഗീകരിച്ചിട്ടുള്ള, മറ്റ സർവകലാശാല ഫാക്കൽറ്റികൾ അവതരിപ്പിക്കുന്ന കോഴ്‌സുകളും വിദ്യാർത്ഥികൾക്ക് സ്വീകരിക്കാവുന്നതാണ്.

സർവകലാശാല സ്കൂളുകൾക്ക് ബ്ലെൻഡഡ് പഠനരീതികളും വിവിധകോഴ്‌സുകളുടെ ആവശ്യാനുസാരണം സ്വീകരിക്കാം. ആവശ്യമുള്ള പഠനപ്രക്രിയയുടെ കുറച്ച് സമയം ഓൺലൈൻ ചർച്ചകളിലൂടെ പൂർത്തീകരിക്കാൻ ബ്ലെൻഡഡ് പഠനരീതി അവസരം നൽകും. കോഴ്സ് നൽകുന്ന ഫാക്കൽറ്റി അധ്യാപകർ ഏകോപനം നടത്തുന്ന വെബ്ബിനാറുകൾ, വിർചൽ സമ്മേളനങ്ങൾ, ഡിജിറ്റൽ ലൈബ്രറികൾ സന്ദർശിക്കൽ, ഇ-വിഭവങ്ങൾ, മുതലായവ ഓൺലൈൻ പഠനരീതികളിൽ ഉൾപ്പെടുത്താവുന്നതാണ്. SWAYAM , SWAYAMPRABHA, നാഷണൽ ഡിജിറ്റൽ ലൈബ്രറി, e-yantra, KALNET, SAKSHAT, ഗ്യാൻ ദർശൻ, FOSSEE മുതലായവ MHRD/ KSHEC യുടെ ഓൺലൈൻ പഠനവിഭവങ്ങൾ ഉപയോഗപ്പെടുത്താൻ വിദ്യാർത്ഥികളെ ഉപദേശിക്കാവുന്നതാണ്.

## 15. പ്രവേശന നടപടികൾ

കാലാകാലങ്ങളിൽ കേരള സർക്കാരോ സർവകലാശാലയോ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ബിരുദ തല പ്രവേശനം നടക്കുക. അതതു വർഷം സർവകലാശാല നൽകുന്ന ബിരുദ പ്രോഗ്രാമുകളുടെ ഒരു വിശദമായ പ്രോസ്പക്ടസ് വിദ്യാർത്ഥികൾക്ക് നൽകും.

1. സർവകലാശാലയിലെ FYUGP യിൽ പ്രവേശനം നേടാൻ പ്ലസ്ടുവോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. അപേക്ഷകർ പ്രസ്തുത വിദ്യാഭ്യാസവർഷത്തിലെ ഏപ്രിൽ ഒന്നിന് 25 വയസ്സ് കഴിഞ്ഞവരാകരുത്. പട്ടികജാതി/പട്ടികവർഗം/ഭിന്നശേഷിയുള്ളവർ പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് 27 വയസ്സ വരെയാകാം. സ്ത്രീകൾക്കും ഭിന്നലിംഗക്കാർക്കും പ്രായപരിധിയില്ല. ബിരുദ പഠനത്തിന് ചേരുന്ന ഓരോ വിദ്യാർത്ഥിയും പത്താം ക്ലാസ്സിലോ പ്ലസ് ടു വിലോ നിർബന്ധമായും മലയാളം ഒരു വിഷയമായി പഠിച്ചിരിക്കണം.

2. രണ്ടോ അതിൽ കൂടുതലോ ബിരുദം (റഗുലർ രീതിയിൽ) കരസ്ഥമാക്കിയിട്ടുള്ളവർക്ക് മലയാളസർവകലാശാലയിൽ ബിരുദപഠനത്തിന് അർഹതയുണ്ടായിരിക്കില്ല.

3. പ്രവേശന സമയത്ത് ഓരോ വിദ്യാർത്ഥിക്കും ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദേശിക്കുന്ന ഒരു സവിശേഷ ID നമ്പർ നൽകും. ഇത് വിദ്യാർത്ഥിയുടെ ആധാർ നമ്പരുമായി ലിങ്ക് ചെയ്ത് തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ക്രഡിറ്റ് ട്രാൻസ്ഫർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ ആധാർകാർഡിലെ പേരാണ് അക്കാദമിക ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) ഐ.ഡി. ക്രിയേറ്റ് ചെയ്യാൻ ഉപയോഗിക്കേണ്ടത്. വിദ്യാർത്ഥികളുടെ ക്രെഡിറ്റ് ട്രാൻസ്ഫർ ഫലപ്രദമാകുവാനായി ആധാർ കാർഡിലെ പേരു തന്നെ കോഴ്സ് രജിസ്ട്രേഷൻ, പരീക്ഷ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ബിരുദ പ്രോഗ്രാമുകൾക്ക് പ്രവേശനം നേടുന്ന ഒരു വിദ്യാർത്ഥിക്ക് ആവശ്യമെങ്കിൽ അന്തർ സർവകലാശാല ട്രാൻസ്ഫറിന് അനുമതി ഉണ്ടായിരിക്കും. ഇത് പക്ഷേ സെമസ്റ്റർ 3, 5, 7 എന്നിവ ആരംഭിക്കുന്ന സമയത്ത് മാത്രമേ സാധ്യമാകൂ.

5. പ്രസ്തുത സെമസ്റ്ററുകൾ തുടങ്ങി രണ്ടാഴ്ചക്കുള്ളിൽ ട്രാൻസ്ഫർ നടപടികൾ പൂർത്തികരിക്കേണ്ടതാണ്.

6. വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ കോഴ്സ് കാലഘട്ടത്തിനിടയിൽ ഒരു പ്രാവശ്യം മാത്രം ഇടവേള എടുത്ത് പുനഃപ്രവേശനം നേടാവുന്നതാണ്. പക്ഷേ 3 വർഷത്തെ ബിരുദ പ്രോഗ്രാം 6 വർഷം കൊണ്ടും നാലു വർഷത്തെ പ്രോഗ്രാം 8 വർഷം കൊണ്ടും പൂർത്തിയാക്കേണ്ടതുണ്ട്. പുനഃപ്രവേശനം നേടുന്ന സമയത്ത് നിലനിൽക്കുന്ന പ്രോഗ്രാം നിയമാവലികൾക്കും സ്കീമുകൾക്കും അനുസൃതമായി ആകണം വിദ്യാർത്ഥി തുടർ പഠനം നടത്തേണ്ടത്. ഇത്തരം പുനഃപ്രവേശന നടപടികൾ സെമസ്റ്റർ തുടങ്ങി രണ്ട് ആഴ്ചകൾക്കുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്.

## 16. കോഴ്സ് രജിസ്ട്രേഷൻ:

1. കോഴ്സിന്റെ പേര്, ലെവൽ, ഫലപ്രാപ്തി, ടൈം സ്ലോട്ട്, ഫാക്കൽറ്റി അംഗങ്ങളുടെ പേരുകൾ എന്നിങ്ങനെയുള്ള കോഴ്‌സുകളുടെ പ്രസക്തമായ വിശദാംശങ്ങൾ സർവകലാശാല മുൻകൂട്ടി പ്രസിദ്ധീകരിക്കും.

2. കോഴ്സുകളെക്കുറിച്ചും സീറ്റുകളുടെ ലഭ്യതയെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിന് ഓരോ സെമസ്റ്ററിന്റെയും ആദ്യ ആഴ്ചയിൽ അതത് ഫാക്കൽറ്റി അംഗങ്ങളെ സന്ദർശിക്കാനും അവരുമായി സംവദിക്കാനും വിദ്യാർത്ഥികളെ അനുവദിക്കും.

3. ഫാക്കൽറ്റി അഡ്വൈസറിന്റെ കൂടിയാലോചനകളുടെയും ഉപദേശങ്ങളുടെയും അടിസ്ഥാനത്തിൽ, ഓരോ വിദ്യാർത്ഥിയും ഓരോ സെമസ്റ്ററും ആരംഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ നിശ്ചിത രജിസ്ട്രേഷൻ ഫോം ഉപയോഗിച്ച് കോഴ്സ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

4. ഒരു സെമസ്റ്ററിൽ ഒരു വിദ്യാർത്ഥിക്ക് എടുക്കാവുന്ന ക്രെഡിറ്റുകളുടെ എണ്ണം റെഗുലേഷനുകളിലെ വ്യവസ്ഥകൾ പ്രകാരം, കുറഞ്ഞത് 16 ഉം പരമാവധി 30 ഉം ആയിരിക്കും.

5. കൂടുതൽ കോഴ്സുകൾ വിദ്യാർത്ഥി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തോന്നിയാൽ, സെമസ്റ്റർ ആരംഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ, മിനിമം ക്രെഡിറ്റ്/കോഴ്സ് ആവശ്യകതയ്ക്ക് അനുസരിച്ച് രജിസ്റ്റർ ചെയ്ത കോഴ്സോ കോഴ്സുകളോ അയാൾക്ക് ഒഴിവാക്കാം.

## 17. ഫലോന്മുഖവിദ്യാഭ്യാസം (Outcome Based Education)

1. തിരഞ്ഞെടുത്ത പഠനമേഖലകളിൽ ഓരോന്നിനും പ്രത്യേക പഠനഫലങ്ങളും പ്രോഗ്രാം പൂർത്തിയാകുമ്പോൾ ബിരുദധാരി നേടുമെന്ന് പ്രതീക്ഷിക്കുന്ന പൊതുവായ പഠന ഫലങ്ങളും സർവകലാശാല നിർണയിക്കണം.

2. വിദ്യാർത്ഥികളുടെ ചലനാത്മകത ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ സർവകലാശാലകളിലുടനീളമുള്ള ഓരോ പ്രോഗ്രാമിനും നിർദ്ദിഷ്ടവും പൊതുവായതുമായ പഠനഫലങ്ങളുടെ കാര്യത്തിൽ ഏകീകൃതസ്വഭാവം ഉണ്ടായിരിക്കണം.

## 18. കോഴ്സുകളുടെ ലെവലും കോഡിംഗും

1. വിവിധ മേഖലകളിലെ കോഴ്സുകളുടെ രൂപകല്പന, വ്യവസ്ഥകളോട് ചേർന്ന ചട്ടങ്ങൾ, എന്നിവ തയ്യാറാക്കുന്നത് സ്കൂൾ കൗൺസിലിന്റെ പ്രത്യേകാവകാശവും ഉത്തരവാദിത്തവുമാണ്.

2. പഠനഫലപ്രാപ്തി, അക്കാദമിക വ്യാപ്തി എന്നിവയെ അടിസ്ഥാനമാക്കി കോഴ്സുകളെ തരംതിരിക്കുകയും കോഡ് ചെയ്യുകയും വേണം. സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും സമാനമായ കോഡുകൾ മലയാളസർവകലാശാല പ്രോഗ്രാമുകൾക്കും, കോഴ്സുകൾക്കും ഉണ്ടാകേണ്ടതാണ്.

അതായത്:

എ. 0–99: പ്രീ-റികിസിറ്റ് / ഇൻഡക്ഷൻ കോഴ്സുകൾ: ഇവ ഒരാഴ്ച മുതൽ 10 ദിവസം വരെ നീണ്ടുനിൽക്കുന്ന ക്രെഡിറ്റ് ഇല്ലാത്ത ആമുഖ കോഴ്സുകളാണ്. വിദ്യാർത്ഥികൾക്ക്, പഠിക്കാൻ ഉദ്ദേശിക്കുന്ന മേജർ വിഷയങ്ങളിൽ അടിസ്ഥാന അറിവും തയ്യാറെടുപ്പും നൽകുക എന്നതാണ് ലക്ഷ്യം.

ബി. 100–199: ഫൗണ്ടേഷൻ കോഴ്സുകൾ: ഇത്തരം കോഴ്സുകൾ വിദ്യാർത്ഥികൾക്ക് വിഷയങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ ധാരണയും അറിവും നേടാനും അവർക്ക് താൽപ്പര്യമുള്ള വിഷയമോ വിജ്ഞാനശാഖയോ തീരുമാനിക്കാൻ അവരെ സഹായിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ഈ കോഴ് സുകൾ മേജറും മൈനറുമായ വിഷയങ്ങളുടെ അടിസ്ഥാന കോഴ്സുകളായിരിക്കും. നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഈ തലത്തിൽ കുറഞ്ഞത് 24 ക്രെഡിറ്റുകൾ തിരഞ്ഞെടുക്കാം.

സി. 200–299: ഇന്റർമീഡിയറ്റ്-ലെവൽ കോഴ്സുകൾ: വിഷയകേന്ദ്രിതമായ ഇന്റർമീഡിയറ്റ്-ലെവൽ കോഴ്സുകൾ പഠനത്തിന്റെ ചെറുതോ വലുതോ ആയ മേഖലകൾക്കുള്ള ക്രെഡിറ്റ് ആവശ്യകതകൾ നിറവേറ്റാൻ ഉദ്ദേശിച്ചുള്ളതാണ്. നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഈ തലത്തിൽ കുറഞ്ഞത് 32 ക്രെഡിറ്റുകൾ തിരഞ്ഞെടുക്കാം.

ഡി. 300–399: ഉയർന്ന തലത്തിലുള്ള കോഴ്സുകൾ: ഡിസിപ്ലിനറി / ഇന്റർ ഡിസിപ്ലിനറി പഠനമേഖലയിൽ ബിരുദം നേടുന്നതിന് ഇവ ആവശ്യമാണ്. നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഈ തലത്തിൽ കുറഞ്ഞത് 42 ക്രെഡിറ്റുകൾ തിരഞ്ഞെടുക്കാം.

ഇ. 400–499: അഡ്വാൻസ്ഡ് കോഴ്സുകൾ: ഈ പ്രത്യേക കോഴ്സുകളിൽ ബിരുദാനന്തര തലത്തിലുള്ള ഗവേഷണ പ്രോജക്ടുകൾ ഉൾപ്പെടുന്നു. നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഈ

ലെവലിൽ സ്പെഷ്യലൈസേഷൻ കോഴ്സുകളിൽ നിന്നുള്ള ക്രെഡിറ്റുകൾ ഉൾപ്പെടെ ഈ തലത്തിൽ കുറഞ്ഞത് 44 ക്രെഡിറ്റുകൾ തിരഞ്ഞെടുക്കാം.

എഫ്. ക്രെഡിറ്റ് ട്രാൻസ്ഫർ ആവശ്യങ്ങൾക്കായി, ഈ ചട്ടങ്ങൾ അംഗീകരിക്കുന്ന കേരളത്തിലെ ഏതെങ്കിലും സർവകലാശാല/കോളേജിൽ നിന്നുള്ള ഓരോ തലത്തിലും വിജ്ഞാനശാഖയിലും FYUGP യിലെ ഒരു വിദ്യാർത്ഥി നേടിയ ക്രെഡിറ്റുകൾ സർവകലാശാലയിലെ ബന്ധപ്പെട്ട വിജ്ഞാനശാഖയിലേക്കും പഠനതലത്തിലേക്കും നേരിട്ട് കൈമാറാവുന്നതാണ്.

## 19. ഫൗണ്ടേഷൻ കോഴ്സുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഫൗണ്ടേഷൻ കോഴ്സുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1. രാജ്യവ്യാപകമായി സ്ഥിരമായ ഘടന, നിലവാരം, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിന് സർവകലാശാലാ റെഗുലേഷനുകളിലെ അടിസ്ഥാന കോഴ്സുകൾ യു.ജി.സി. മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തിയിരിക്കുന്നു.
2. അതുപ്രകാരം, യു.ജി.സി. നിബന്ധനകൾക്ക് അനുസൃതമായി, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പുറപ്പെടുവിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ കേരളത്തിലെ എല്ലാ സംസ്ഥാന സർവകലാശാലകളും എന്നപോലെ മലയാള സർവകലാശാലയും പാലിക്കുന്നു.
3. അതത് പഠനസ്കൂൾ കൗൺസിൽ രൂപകല്പന ചെയ്ത ഫൗണ്ടേഷൻ കോഴ്സുകൾ പഠനഫലങ്ങളിലെ അറിവ്, കഴിവുകൾ, നൂതനത്വം, സർഗ്ഗാത്മകത എന്നിവ ഉൾക്കൊള്ളേണ്ടതാണ്.
4. അതത് സ്കൂൾ കൗൺസിലിന് വിവിധ സെമസ്റ്ററുകളിലേക്കാവശ്യമായ ഫൗണ്ടേഷൻ കോഴ്സുകൾ രൂപകല്പന ചെയ്യുന്നതിന്റെ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.
5. നിർബന്ധിത കോഴ്സുകൾക്ക് മൾട്ടി ഡിസിപ്ലിനറി അഡാപ്റ്റബിലിറ്റി വികസിപ്പിക്കാൻ കഴിയണം. വിദ്യാർത്ഥികൾക്ക്, അനുബന്ധ വിഷയങ്ങളുടെ അടിസ്ഥാന കാര്യങ്ങളുമായി പരിചയം ആവശ്യമാണ്. ഈ കോഴ്സുകൾ അക്കാദമിക സഹകരണത്തിനുള്ള കഴിവും അതോടൊപ്പം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇടയിൽ സർഗ്ഗാത്മകതയും നവീകരണവും പ്രോത്സാഹിപ്പിക്കുന്ന വിധത്തിലായിരിക്കണം.
6. ഒരു കൂട്ടം കോഴ്സുകൾ ലോജിക്കൽ റീസണിംഗിലും വിമർശനാത്മക ചിന്തയിലും പ്രാവീണ്യം നൽകുന്നതായിരിക്കണം. മറ്റൊരു സെറ്റ് അക്കാദമിക് രചനയിലും ആശയവിനിമയത്തിലും കഴിവ് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നതായിരിക്കണം. കൂടാതെ, ഒരു കൂട്ടം കോഴ്സുകൾ ഈ ഘടകങ്ങളെ സംയോജിപ്പിച്ച് സമഗ്രമായ കഴിവുകൾ നൽകുന്ന വിധത്തിലായിരിക്കണം.

## 20. ഇതര സ്ഥാപനങ്ങൾ / ഓൺലൈൻ / ഡിസ്റ്റൻസ് രീതിയിൽ നിന്ന് ക്രെഡിറ്റ് നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. സർവകലാശാലയിൽ പ്രത്യേക പ്രോഗ്രാമിനായി എൻറോൾ ചെയ്ത വിദ്യാർത്ഥികൾക്ക് സർവകലാ ശാലയ്ക്കകത്തോ പുറത്തോ ഉള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് അധിക ക്രെഡിറ്റുകൾക്ക് ഒരേസമയം എൻറോൾ ചെയ്യാം.
2. ഒരു പ്രത്യേക പ്രോഗ്രാമിനായി സർവകലാശാലയിൽ ഔപചാരികമായി പ്രവേശനം നേടിയ വിദ്യാർത്ഥികൾ ആദ്യ ആറ് സെമസ്റ്ററുകളിൽ ഓരോ സെമസ്റ്ററിലും കുറഞ്ഞത് 16 ക്രെഡിറ്റ് വീതം നേടേണ്ടതാണ്.
3. അതത് സ്കൂൾ കൗൺസിലിന്റെ അംഗീകാരത്തോടെ, അനുബന്ധ ഫാക്കൽറ്റി/ഗസ്റ്റ് ഫാക്കൽറ്റി/ വിസിറ്റിംഗ് ഫാക്കൽറ്റി /വിസിറ്റിംഗ് സ്കോളർമാർ/ യു.ജി.സി. നെറ്റ് ഉള്ള പി.ഡി.എഫ്. സ്കോളർമാർ തുടങ്ങിയവർക്ക് സ്പെഷ്യലൈസ്ഡ് ഐച്ഛിക കോഴ്സുകളും വൈദഗ്ധ്യം അടിസ്ഥാനമാക്കിയുള്ള/മൂല്യവർദ്ധിത തൊഴില ധിഷ്ഠിത കോഴ്സുകളും ഓഫർ ചെയ്യാവുന്നതാണ്.

## 21. കോഴ്സ് പങ്കാളിത്തം/ഹാജർ

കോഴ്സ് പങ്കാളിത്തവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഇനി പറയുന്നവയാണ്:

1. വിദ്യാർത്ഥികൾക്ക് അറിവ് നേടുന്നതിനും കോഴ്സ് മെറ്റീരിയലുകൾ മനസ്സിലാക്കുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗങ്ങളിലൊന്നാണ് ക്ലാസ്സ് പങ്കാളിത്തം. എന്നാൽ, അസാധാരണമായ സാഹചര്യങ്ങൾ കാരണം, വിദ്യാർത്ഥികൾക്ക് ഇടയ്ക്കിടെ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയണമെന്നില്ല. സാധുവായ

കാരണങ്ങളാൽ ക്ലാസ്സുകളിൽ ഹാജരാകാത്തത് അംഗീകൃത അഭാവമായി കണക്കാക്കാം. കോഴ്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പാക്കാൻ വിദ്യാർത്ഥികൾക്ക് ഉചിതമായ അവസരങ്ങൾ നൽകേണ്ടതാണ്.

2. ഒരു നിർദ്ദിഷ്ട കോഴ്സിന്റെ അവസാന സെമസ്റ്റർ മൂല്യനിർണ്ണയത്തിന് വിധേയമാകാനും ക്രെഡിറ്റുകൾ നേടുന്നതിനും ഏതെങ്കിലും പരിഹാര പ്രവർത്തനങ്ങൾ ഉൾപ്പെടെ, ഫിസിക്കൽ, ഓൺലൈൻ അല്ലെങ്കിൽ ബ്ലെൻഡഡ് മോഡുകളിലെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥിക്ക് 75% ഹാജരുണ്ടെങ്കിൽ മാത്രമേ വിദ്യാർത്ഥിയെ അനുവദിക്കൂ.

3. വിദ്യാർത്ഥികളുടെ അംഗീകൃത അസാന്നിദ്ധ്യം അതത് സ്കൂൾ കൗൺസിലിന് അനുവദിച്ചു നൽകുകയോ ക്ഷമിക്കുകയോ ചെയ്യാം. അവധിയിൽ ആയിരുന്ന സമയത്ത് ചെയ്യാത്ത പഠനപ്രവർത്തനങ്ങൾക്കും ആഭ്യന്തര മൂല്യനിർണ്ണയങ്ങൾക്കും പകരം പ്രവർത്തനങ്ങൾ നിർദേശിക്കുകയും അവയുടെ നിർവ്വഹണം ഉറപ്പാക്കുകയും ചെയ്യാം.

4. അംഗീകൃതമല്ലാത്ത അഭാവത്താൽ മതിയായ ക്ലാസ്സ് റൂം പങ്കാളിത്തം ഇല്ലാത്ത വിദ്യാർത്ഥികൾ, അവസാന സെമസ്റ്റർ പരീക്ഷ (ESE) എഴുതുവാൻ അയോഗ്യരാകുന്നതാണ്.

5. സർവകലാശാലയിൽ നിലവിലുള്ള സംവിധാനമനുസരിച്ച് കണ്ടോനേഷൻ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഒഴിവാക്കാനാകാത്തതോ അല്ലെങ്കിൽ മെഡിക്കൽ അത്യാഹിതങ്ങൾ ഉൾപ്പെടെയുള്ള മറ്റ് നിയമാനുസൃതമായ സാഹചര്യങ്ങളോ കാരണമായേക്കാം. ഇതിനുപുറമെ, പ്രസവാവധി, ആർത്തവ അവധി തുടങ്ങിയ യോഗ്യതയുള്ള അവധികളും ഹാജരാകാതിരിക്കാനുള്ള കാരണങ്ങളായി പരിഗണിക്കുന്നതാണ്.

6. കോഴ്സ് ഉള്ളടക്കവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് ഇ–കണ്ടെന്റിന്റെയും അനുബന്ധ സാമഗ്രികളുടെയും ഒരു പട്ടിക കണ്ടെത്തി, സാധുവായ കാരണങ്ങളാൽ നേരിട്ട് ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറി പങ്കാളിത്തത്തിലെ കുറവ് നികത്താൻ നിർദ്ദേശിക്കാം.

## 22. സർവകലാശാലയുടെ പങ്ക്:

1. എല്ലാ പ്രോഗ്രാമുകളും കോഴ്സുകളും വിദ്യാർത്ഥികേന്ദ്രിതബോധന രീതികൾ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തിരിക്കണം.

2. ബിരുദങ്ങൾ സമന്വയിപ്പിക്കുന്ന സമ്പ്രദായം അന്തർദേശീയ പാറ്റേണുമായി യോജിപ്പിക്കണം. ബിരുദങ്ങൾ സമന്വയിപ്പിക്കുമ്പോൾ, വ്യത്യസ്ത ഡിസിപ്ലിനിലുള്ള നിന്നുള്ള വിഷയങ്ങൾ / കോഴ്സുകൾക്ക് യാതൊരു തടസ്സമോ നിയന്ത്രണമോ ഉണ്ടാകില്ല. അതനുസരിച്ച്, എല്ലാ ബിരുദങ്ങളും വിദ്യാർത്ഥിയുടെ വ്യക്തിഗത തിരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കി സമന്വയിപ്പിക്കപ്പെടും.

3. സർവകലാശാല, വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം, ഓരോ ബിരുദപ്രോഗ്രാമിനുമായി രൂപീകരിക്കുന്ന പഠനബോർഡുകൾ അതത് പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കും. പ്രോഗ്രാമുകളുടെ മികവും ഉള്ളടക്കത്തിന്റെ സാധ്യതകളും നിലവാരവും പഠനബോർഡുകൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ബിരുദ പഠനബോർഡുകളുടെ കാലാവധി രണ്ടു വർഷമായിരിക്കും.

4. ഓരോ പ്രോഗ്രാമിന്റെ പഠനബോർഡുകളിലും അതതു പ്രോഗ്രാം കോർഡിനേറ്റർമാർ നിർബന്ധമായും ഉണ്ടാവേണ്ടതുണ്ട്.

5. കോഴ്സുകളുടെയും ഡിസിപ്ലിനുകളുടെയും തിരഞ്ഞെടുപ്പിന്റെ കാര്യത്തിലും വിദ്യാർത്ഥികളുടെ പഠനവഴികളുടെയും കാര്യത്തിലും പരമാവധി അക്കാദമിക സ്വാതന്ത്ര്യ സാധ്യതകളാണ് സർവകലാശാല സ്വീകരിക്കേണ്ടത്.

6. ഓരോ പ്രോഗ്രാമിന്റെയും ആവശ്യമായ കോഴ്സുകളുടെയും അക്കാദമിക പാതയും രൂപകൽപ്പനയും സ്കൂൾ കൗൺസിൽ ശിപാർശ ചെയ്യും.

7. വിവിധ പഠനശാഖകളുടെ സൃഷ്ടിപരമായ സംയോജനത്തിലൂടെയുള്ള പാതകൾ വികസിപ്പിക്കുന്നതിനുള്ള ഓപ്ഷനുകളുടെ ലഭ്യത സി.എസ്.എസ്. (CSS) ഉറപ്പാക്കും.

8. വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം സെമസ്റ്റർ തിരിച്ചുള്ള അക്കാദമിക ഭാരം നിർണ്ണയിക്കാനും അവരുടെ ഇഷ്ടപ്പെട്ട വേഗതയിൽ, സാധ്യമായ പരിധിവരെ പഠനം സുഗമമാക്കാനും സർവകലാശാല അവരെ പ്രാപ്തരാക്കും.

9. ഓരോ പ്രോഗ്രാമിനുകീഴിലും ആവശ്യമായ അറിവ്, കഴിവുകൾ, ആട്രിബ്യൂട്ടുകൾ, ക്യാപ്സ്റ്റോൺ പ്രോജക്ടുകൾ, വൊക്കേഷണൽ പരിശീലനം എന്നിവ പ്രോഗ്രാം പഠനഫലങ്ങൾ എന്ന നിലയിൽ അനുബന്ധ സ്കൂൾ കൗൺസിൽ മുൻകൂട്ടി നിശ്ചയിക്കും.

## 23. ക്രെഡിറ്റ് ട്രാൻസ്ഫറും സഞ്ചിതസൗകര്യങ്ങളും (Credit Transfer and Accumulation Facilities)

ക്രെഡിറ്റ് ട്രാൻസ്ഫർ, അക്യുമുലേഷൻ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഇനിപ്പറയുന്നവയാണ്:

1. സംസ്ഥാന ഗവൺമെന്റ് വികസിപ്പിച്ച സൗകര്യങ്ങൾ അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) നൽകുന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) സൗകര്യം പ്രയോജനപ്പെടുത്തി സർവകലാശാലയ്ക്ക് അവരുടെ ക്രെഡിറ്റ് ട്രാൻസ്ഫറും സഞ്ചിത സൗകര്യങ്ങളും വികസിപ്പിക്കാം. വിവിധ അംഗീകൃത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (HEIs) നിന്ന് നേടിയ അക്കാദമിക് ക്രെഡിറ്റുകൾ സ്വീകരിക്കാനുള്ള സൗകര്യങ്ങൾ സർവകലാശാല ഒരുക്കുകയും ആവശ്യമായ ക്രെഡിറ്റ് മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള സൌകര്യമൊരുക്കുകയും ചെയ്യണം. അങ്ങനെ നേടിയ ക്രെഡിറ്റുകൾ കണക്കിലെടുത്ത് അതത് HEI-ൽ നിന്നുള്ള ബിരുദങ്ങൾ നൽകാം.
2. സംസ്ഥാനത്തുടനീളമുള്ള ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ക്രെഡിറ്റ് ഘടന, പ്രോഗ്രാം-നിർദ്ദിഷ്ട വെയിറ്റേജ്, സെമസ്റ്റർ തിരിച്ചുള്ള കോഴ്സ്, ക്രെഡിറ്റ് വിതരണം, സാധുത, ക്രെഡിറ്റ് മെക്കാനിസം, നേടിയ ക്രെഡിറ്റുകളുടെ ഡെബിറ്റ്, ക്രെഡിറ്റുകളുടെ കൈമാറ്റം മുതലായവ സംബന്ധിച്ച് ഏകീകൃതത സംവിധാനങ്ങളിൽ മലയാള സർവകലാശാലയും പങ്കാളിയാകും. മൾട്ടി ഡിസിപ്ലിനറി കോഴ്സുകളുടെ സ്വീകാര്യത, ക്രെഡിറ്റ് ട്രാൻസ്ഫർ, ക്രെഡിറ്റ് സ്വീകാര്യത എന്നിവ ലഭ്യമാക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ FYUG പ്രോഗ്രാമുകൾ അക്കാദമിക ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC)-ൽ രജിസ്റ്റർ ചെയ്യും.
3. സർവകലാശാല നിഷ്കർഷിച്ച ബിരുദം നൽകുന്നതിന് ആവശ്യമായ ക്രെഡിറ്റുകൾ കോർ സബ്ജക്ട് ഏരിയയിൽ നിന്ന് വിദ്യാർത്ഥികൾ നേടേണ്ടതുണ്ട്. സമ്പാദിച്ച ക്രെഡിറ്റുകളുടെ സാധുത പരമാവധി എട്ട് വർഷത്തേക്കോ അല്ലെങ്കിൽ, യൂണിവേഴ്സിറ്റി സി.എസ്.എസ്. (CS റെഗുലേഷനിൽ വ്യക്തമാക്കിയിട്ടുള്ളതോ ആയിരിക്കും. അതോടൊപ്പം, ബിരുദത്തിനു ആവശ്യമായ ക്രെഡിറ്റുകളിൽ അമ്പതു ശതമാനമെങ്കിലും സർവകലാശാലയിൽ നിന്നും നേടിയാൽ മാത്രമേ മലയാള സർവകലാശാലക്ക് ഒരു പഠിതാവിനു ബിരുദം നൽകാൻ കഴിയൂ.

## 24. വിലയിരുത്തലും മൂല്യനിർണ്ണയവും

1. മൂല്യനിർണ്ണയം, സമഗ്ര തുടർമൂല്യനിർണ്ണയ (CCA) ത്തിന്റെയും സെമസ്റ്റർ അവസാന മൂല്യനിർണ്ണയത്തി (ESE) ന്റെയും സംയോജനമാണ്. ഒരു പ്രോഗ്രാമിന്റെ ബന്ധപ്പെട്ട വിഷയത്തിനായുള്ള തുടർമൂല്യനിർണയ പ്രക്രിയയിൽ കോഴ്സിന്റെ ഫാക്കൽറ്റി അധ്യാപകർ ആയിരിക്കും ഉത്തരവാദിത്തം നിർവഹിക്കുന്നത്.
2. ഒരു പ്രോഗ്രാമിലെ വിവിധ കോഴ്സുകൾ മൂല്യനിർണ്ണയം നടത്തുന്നത് 100 മാർക്കിനാവും. വിവിധ കോഴ്സ് മൊഡ്യൂളുകളുടെ അന്ത്യത്തിൽ നടക്കുന്ന തുടർ മൂല്യനിർണ്ണയ രീതികളും അകം പരീക്ഷയും (50 മാർക്ക്) സെമസ്റ്റർ അന്ത്യ പരീക്ഷയും (50 മാർക്ക്) ഉൾപ്പെടെയാകും ഈ 100 മാർക്ക് വിഭജിക്കപ്പെടുക.
3. പരമ്പരാഗത എഴുത്തു പരീക്ഷകൾക്ക് പുറമെ വിദ്യാർത്ഥി കേന്ദ്രീകൃതമായ, അവരുടെ പഠന-വിഭാവനശേഷി മനസ്സിലാക്കി മൂല്യനിർണ്ണയത്തിനുതകുന്ന പല മാർഗ്ഗങ്ങൾ അകം മൂല്യനിർണ്ണയത്തിന് ഉപയോഗിക്കാം. ഇത്തരം ഫോർമേറ്റീവ് അസസ്മെന്റ് രീതികളിൽ പ്രാക്ടിക്കൽ പരീക്ഷകൾ, നിയോഗാഭ്യാസത്തിന്റെ നിരീക്ഷണ റിപ്പോർട്ടുകൾ, ക്വിസ്, വൈവ -വോസി, ഗ്രൂപ്പ് ചർച്ചകൾ, സെമിനാർ അവതരണങ്ങൾ, ഗ്രൂപ്പ് ആയുള്ള ട്യൂട്ടോറിയൽ ചുമതലകൾ, ഹോം അസൈൻമെന്റുകൾ, ഓപ്പൺ ബുക്ക് പരീക്ഷകൾ, ബുക്ക് റിവ്യൂ, പഠനഗ്രന്ഥസൂചി തയ്യാറാക്കൽ, ഒരു മിനിറ്റ് റിഫ്ളക്ഷൻ പരീക്ഷകൾ, ക്ലിക്കർ ചോദ്യങ്ങൾ, കോഴ്സുകൾക്ക് ഉചിതമായ മറ്റു രീതികൾ എന്നിവ ഉൾപ്പെടാം . എന്നാൽ ഇവ പഠന പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളെ മുൻകൂർ അറിയിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പരീക്ഷകൾ അകം മൂല്യനിർണ്ണയത്തിനുള്ള 50 മാർക്കിനുള്ളിലാവും നടത്തപ്പെടുക. ഈ 50 മാർക്കിൽ 20 മാർക്ക് അകം മൂല്യനിർണ്ണയ എഴുത്തുപരീക്ഷകൾക്കുള്ളതാണ്. ബാക്കിയുള്ള 30 മാർക്ക് തുടർമൂല്യനിർണ്ണയത്തിന് കോഴ്സ് അധ്യാപകർ സ്വീകരിക്കുന്ന വിവിധ മാർഗ്ഗങ്ങൾക്കായി യുക്തിപൂർവ്വം വിഭജിക്കാം.
4. കോഴ്സ് പഠനപൂർത്തീകരണത്തിന്റെ ഭാഗമായുള്ള സമ്മേറ്റിവ് മൂല്യനിർണ്ണയ രീതികളിൽ സെമസ്റ്റർ അവസാന എഴുത്തു പരീക്ഷ, രചനാസമർപ്പണം, പ്രോജക്ട് സമർപ്പണം, ലാബ് റിപ്പോർട്ടുകൾ, കേസ്

സ്റ്റഡി റിപ്പോർട്ട്, ഹ്രസ്വചിത്ര നിർമ്മിതി, ലിറ്ററേച്ചർ സർവ്വേ, ടീം പ്രോജക്ട് റിപ്പോർട്ട്, പ്രോബ്ലം ആധാരമാക്കിയുള്ള അസൈൻമെന്റുകൾ, മാനകപരീക്ഷകൾ മുതലായ രീതികളും ഉൾപ്പെടും. ഈ പരീക്ഷകൾ കോഴ്സിന് ആകെയുള്ള നൂറ് മാർക്കിൽ 50 മാർക്കിനാവും നടത്തുക. എഴുത്തുപരീക്ഷകളിൽ വൈവിധ്യമുള്ള മാർഗങ്ങളിലൂടെ വിദ്യാർത്ഥി/നിയുടെ കഴിവുകൾ അളക്കാൻ പര്യാപ്തമായ മൂല്യ നിർണയരീതികൾ ആകണം പിന്തുടരേണ്ടത്. ഓപ്പൺ ബുക്ക് പരീക്ഷ, ലബോറട്ടറി റിപോർട്ടുകൾ, വ്യക്തിഗത പ്രൊജക്ട് റിപ്പോർട്ട്, ഒരു കോഴ്സിന് വേണ്ടി പ്രത്യേകമായി തയ്യാർ ചെയ്ത മൂല്യനിർണയ രീതികൾ, സാഹിത്യോത്സവങ്ങളിലെ പങ്കാളിത്തം തുടങ്ങി അസ്സസ്മെന്റ് രീതികൾ കോഴ്സ് നൽകുന്ന ഫാക്കൽറ്റി അധ്യാപകർക്ക് തീരുമാനിക്കാവുന്നതാണ്. പക്ഷെ മൂല്യനിർണയരീതികളെക്കുറിച്ച് വിദ്യാർത്ഥികളെ മുൻകൂട്ടി അറിയിക്കുകയും വേണം.

5. സമ്മേറ്റീവ് അസസ്മെന്റ് പരീക്ഷകൾ സർവകലാശാല പരീക്ഷാ വിഭാഗത്തിന്റെ ഉപദേശപ്രകാരവും ചട്ടങ്ങൾ പ്രകാരവും മുൻകൂർ നൽകിയ മൂല്യനിർണ്ണയ ഘടന അനുസരിച്ചാണ് നടക്കേണ്ടത്. സെമസ്റ്റർ അവസാന എഴുത്തുപരീക്ഷ സർവകലാശാല പരീക്ഷാവിഭാഗമാണ് നടത്തുക.

6. സമഗ്രമൂല്യനിർണയപ്രക്രിയ സെമസ്റ്ററിന്റെ തുടക്കം മുതൽ ആരംഭിക്കേണ്ടതും സെമസ്റ്ററന്ത്യ പരീക്ഷക്ക് രണ്ടാഴ്ചമുമ്പ് പൂർത്തീകരിക്കേണ്ടതുമാണ്. അകം മൂല്യനിർണയ മാർക്കുകൾ സെമസ്റ്റർ അവസാന പരീക്ഷക്ക് ചുരുങ്ങിയത് ഒരാഴ്ച മുൻപുതന്നെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും വിദ്യാർത്ഥിക്ക് താല്പര്യമുള്ള പക്ഷം അവ മെച്ചപ്പെടുത്താൻ അവസരം നൽകേണ്ടതുമാണ്. ഇത്തരത്തിൽ അവസരം നൽകിയതിനു ശേഷം പരീക്ഷാ കൺട്രോളർക്ക് സെമസ്റ്റർ അവസാന പരീക്ഷക്ക് മുന്നേ നൽകുന്ന തുടർ മൂല്യനിർണ്ണയ മാർക് ലിസ്റ്റ് അന്തിമമായിരിക്കും. ഒരു സെമസ്റ്ററിലെ കോഴ്സുകളിലെ സെമസ്റ്ററവസാന പരീക്ഷാ മാർക്ക് മെച്ചപ്പെടുത്താൻ വിദ്യാർത്ഥിക്ക് അവസരം നൽകുന്നതിന് പുനഃപരീക്ഷ/ഫലം മെച്ചപ്പെടുത്തൽ പരീക്ഷ നടത്തുന്നതാണ്. രണ്ടാമത്തെ അവസരത്തിലും ആദ്യം നേടിയ ഗ്രേഡിന് മെച്ചപ്പെടുത്തൽ രീതിയിൽ മാർക്കുകളിൽ മാറ്റം വരാതിരുന്നാലും, രണ്ടാമത് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷയ്ക്ക് ഹാജരാകാതിരുന്നാലും ആദ്യത്തെ ഗ്രേഡ് തന്നെയാകും നിലനിൽക്കുക.

7. വിദ്യാർത്ഥികൾക്ക് അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള ഓപ്ഷനുകൾ തുടർച്ചയായ വിലയിരുത്തൽ മോഡിലൂടെ ഫാക്കൽറ്റി അഡ്വൈസർക്കു നല്കാം. ആഭ്യന്തര മൂല്യനിർണയത്തിലെ അകംമൂല്യനിർണയപരീക്ഷ ഓരോ സെമസ്റ്ററിലും ആവശ്യമെങ്കിൽ രണ്ട് പ്രാവശ്യം നടത്തുകയും അവയിൽ ലഭിച്ച കൂടുതൽ മാർക്ക് വിദ്യാർത്ഥിക്ക് നൽകുന്നതുമാണ്.

8. പരീക്ഷകളുടെ സ്കീമിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഓരോ സെമസ്റ്ററിന്റെയും അവസാനത്തിൽ തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ സാധാരണയായി ഒറ്റ സെമസ്റ്ററുകൾക്ക് നവംബർ-ഡിസംബർ മാസങ്ങളിലും ഇരട്ട സെമസ്റ്ററുകൾക്ക് ഏപ്രിൽ മാസങ്ങളിലുംഉണ്ടായിരിക്കും.

9. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി വ്യക്തിഗത പഠന പദ്ധതികളും (ILP) കൂടാതെ/അല്ലെങ്കിൽ പ്രത്യേക മൂല്യനിർണ്ണയ ക്രമീകരണങ്ങളും ഏർപ്പെടുത്താവുന്നതാണ്.

10. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി ടെക്നോളജി അസിസ്റ്റഡ് പരീക്ഷകൾ / ഇതര പരീക്ഷാ തന്ത്രങ്ങൾ ഉൾപ്പെടെയുള്ള അനുയോജ്യമായ മൂല്യനിർണ്ണയ രീതികൾ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യാം. കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ബ്രെയിൽ ലിപിയിൽ അച്ചടിച്ച വായന സാമഗ്രികൾ സൗജന്യമായി നൽകും.

11. ആഭ്യന്തര മൂല്യനിർണയത്തിന്റേയും സെമസ്റ്റർ പരീക്ഷയുടേയും അനുപാതം 50:50 ആയിരിക്കും. കോഴ്സ് വിജയിക്കുന്നതിന് ഓരോ വിദ്യാർത്ഥിയും ആഭ്യന്തരമൂല്യനിർണയത്തിലും സെമസ്റ്ററന്ത്യ പരീക്ഷയിലും കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം.

## 25. പരീക്ഷാ നിരീക്ഷണ സമിതി:

വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങളും പരീക്ഷാ കൺട്രോളറും ഉൾപ്പെട്ടതാണ് ഈ കമ്മിറ്റി. പരീക്ഷാ കൺട്രോളറായിരിക്കും ഈ കമ്മിറ്റിയുടെ കൺവീനർ. പരീക്ഷാ ക്രമക്കേടുകളുണ്ടെങ്കിൽ പരാതികൾ കേൾക്കുകയും പരീക്ഷാവേളയിൽ വകുപ്പുകൾ സന്ദർശിക്കലും ഈ സമിതിയുടെ ഉത്തരവാദിത്തമാണ്. സമിതി സി.എസ്.എസ്. (CSS) അക്കാദമിക് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

## 26. വിദ്യാർത്ഥി ഫീഡ്ബാക്ക്:

അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഫലപ്രാപ്തിയെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓരോ സെമസ്റ്ററിലും കൃത്യമായ ഇടവേളകളിൽ ശേഖരിക്കേണ്ടതാണ്. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ഫീഡ് ബാക്കുകൾ അവലോകനം ചെയ്ത് ഓരോ കോഴ്സിനും അധ്യാപനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ പ്രതികരണം രണ്ട് തരത്തിലായിരിക്കും ശേഖരിക്കുക. (I) കോഴ്സ് പഠിപ്പിക്കുന്ന അധ്യാപകർ നേരിട്ട് ശേഖരിക്കേണ്ട മിഡ്-സെമസ്റ്റർ ഫീഡ്ബാക്ക്. (ii) വൈസ് ചാൻസലർ ചുമതലപ്പെടുത്തിയ ഒരു കമ്മിറ്റി ശേഖരിക്കുന്ന ഫീഡ്ബാക്ക്. ഇതിനുള്ള നിർദ്ദിഷ്ട ഫോം പ്രോഗ്രാം ആരംഭിക്കുന്നതിനു മുൻപുതന്നെ പൂർത്തിയായിരിക്കണം.

## 27. പരിഹാരബോധനം:

പഠനപരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായി സ്കൂളുകൾ അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ ശേഷം അവർക്ക് ബുദ്ധിമുട്ടുള്ള മേഖലകളെ അതിജീവിക്കുന്നതിന് ആവശ്യമായ സഹായവും മാർഗനിർദേശങ്ങളും നൽകേണ്ടതാണ്.

## 28. അവസാന സെമസ്റ്റർ പരീക്ഷയുടെ സ്വഭാവം:

പഠിപ്പിക്കുന്ന ഓരോ കോഴ്സും പരമാവധി 2 മണിക്കൂർ ദൈർഘ്യമുള്ള അവസാന സെമസ്റ്റർ പരീക്ഷയിലൂടെ വിലയിരുത്തപ്പെടേണ്ടതാണ്. അവസാന സെമസ്റ്റർ പരീക്ഷകൾ ഒബിഇ മാതൃകയിലുള്ളതും സിലബസ് അധിഷ്ഠിത കോഴ്സ് ഫലങ്ങളുടെ നേട്ടം പരിശോധിക്കാൻ ലക്ഷ്യമിടുന്നതുമായ സമഗ്ര സ്വഭാവമുള്ള തായിരിക്കണം. അവസാന സെമസ്റ്റർ പരീക്ഷയിൽ ഉയർന്ന ക്രമത്തിലുള്ള വിമർശനാത്മക ചിന്ത ഉൾപ്പെടുന്ന 10% ചോദ്യങ്ങളെങ്കിലും കുറഞ്ഞത് ഉണ്ടായിരിക്കണം. ഓരോ കോഴ്സിലെ സെമസ്റ്റർ അവസാന പരീക്ഷയ്ക്ക് കുറഞ്ഞത് 40% മാർക്ക് ഉണ്ടായിരിക്കണം. ഈ ചട്ടങ്ങളിൽ നിർവചിച്ചിരിക്കുന്നതുപോലെ കോർ, ഇലക്ടീവ് കോഴ്സുകൾക്കുള്ള ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് നിബന്ധനകൾ വിദ്യാർത്ഥി നിറവേറ്റണം. സിംഗിൾ വാല്യുവേഷൻ സമ്പ്രദായത്തിൽ നടക്കുന്ന സെമസ്റ്റർ അവസാന പരീക്ഷാമൂല്യനിർണയത്തെ തുടർന്ന് ലഭിക്കുന്ന മാർക്കിൽ വിദ്യാർത്ഥിക്ക് തൃപ്തിയല്ലാത്ത പക്ഷം അത് മെച്ചപ്പെടുത്തുന്നതിനായി റീവാല്യുവേഷനും ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും അവസരമുണ്ടായിരിക്കുന്നതാണ്.

## 29. വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക്:

സർവകലാശാല/അന്തർസർവകലാശാലാ തലങ്ങളിലെ കലാ/കായിക ഇനങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു അധ്യയനവർഷത്തിൽ 15 മാർക്കിനും മുഴുവൻ പ്രോഗ്രാമിൽ പരമാവധി 40 മാർക്കിനും അർഹതയുണ്ട്. വിദ്യാർത്ഥി തിരഞ്ഞെടുക്കുന്ന ഒന്നോ അതിലധികമോ കോഴ്സുകളിൽ നേടിയ മൊത്തം മാർക്കിലേക്ക് വിദ്യാർത്ഥിയുടെ ആവശ്യപ്രകാരം ഗ്രേസ് മാർക്ക് ചേർക്കാവുന്നതാണ്.

## 30. ലെറ്റർ ഗ്രേഡുകളും ഗ്രേഡ് പോയിന്റുകളും

എ. എഴുത്തുപരീക്ഷയുടേയും ആന്തരികമൂല്യനിർണയപ്രവർത്തനങ്ങളുടേയും ചോദ്യങ്ങൾ വിലയിരുത്തുന്നതിന് മാർക്ക് സംവിധാനം പിൻതുടരുന്നു. മാർക്കിലെ ദശാംശസംഖ്യകൾ ബാധകമായ പൂർണസംഖ്യയാക്കി (ഉയർന്നതോ/താഴ്ന്നതോ) മാറ്റിനൽകുന്നതായിരിക്കും. നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ വെയിറ്റഡ് ഗ്രേഡ് പോയിന്റ് മാത്രമേ സൂചിപ്പിക്കാവൂ.

ബി. ഒരു നിശ്ചിത സെമസ്റ്ററിലെ വിദ്യാർത്ഥിയുടെ പ്രകടനത്തിന്റെ അളവുകോലായി ഗ്രേഡുകളെ കണക്കാക്കുന്നു. നിലവിലെ ടേമിന്റെ ഗ്രേഡുകളെ അടിസ്ഥാനമാക്കിയുള്ളതാണ് സെമസ്റ്റർ ഗ്രേഡ് പോയിന്റ് (SGPA). പഠന പരിപാടിയിൽ ചേർന്ന ശേഷം എടുത്ത എല്ലാ കോഴ്സുകളിലെയും ഗ്രേഡുകളെ അടിസ്ഥാനമാക്കിയുള്ളതാണ് ക്യുമുലേറ്റീവ് ജിപിഎ (CGPA).

സി. സെമസ്റ്റർ ഗ്രേഡ്പോയിന്റ് ശരാശരി (SGPA) സഞ്ചിത ഗ്രേഡ്പോയിന്റ് ശരാശരി (CGPA) എന്നിവ കണക്കാക്കുന്ന രീതി:

ഒരു സെമസ്റ്ററിൽ എടുത്ത വിവിധ കോഴ്സുകളിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് ലഭിച്ച ക്രെഡിറ്റ് പോയിന്റുകളുടെ ആകെത്തുകയെ ആ സെമസ്റ്ററിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന മൂല്യമാണ് സെമസ്റ്റർ ഗ്രേഡ്പോയിന്റ് ശരാശരി (SGPA). ചുവടെ ചേർത്ത ഫോർമുല പ്രകാരം അത് കണക്കാക്കാവുന്നതാണ്.

$SGPA(S_i)=\sum(C_i \times G_i)/\sum C_i$

ഇതിൽ Ci എന്നത് കോഴ്സ് ക്രെഡിറ്റുകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു; Gi എന്നത് കോഴ്സുകളിൽ നേടിയ ഗ്രേഡ്പോയിന്റുകളെ സൂചിപ്പിക്കുന്നു.

പ്രോഗ്രാമിൽ വിദ്യാർത്ഥി നേടിയ എല്ലാ സെമസ്റ്ററുകളിലേയും ക്രെഡിറ്റ് പോയിന്റുകളുടെ ആകെത്തുകയെ പ്രോഗ്രാമിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന മൂല്യമാണ് സഞ്ചിത ഗ്രേഡ്പോയിന്റ്.

ചുവടെ ചേർത്ത ഫോർമുല പ്രകാരം സഞ്ചിത ഗ്രേഡ്പോയിന്റ് ശരാശരി (CGPA) കണക്കാക്കാവുന്നതാണ് :

$CGPA=\sum(C_i \times S_i)/\sum C_i$

ഇതിൽ Ci എന്നത് സെമസ്റ്ററുകളിൽ നേടിയ മൊത്തം ക്രെഡിറ്റുകളെ സൂചിപ്പിക്കുന്നു; Si എന്നത് മൊത്തം സെമസ്റ്റർ ഗ്രേഡ്പോയിന്റ് ശരാശരിയെ സൂചിപ്പിക്കുന്നു.

സെമസ്റ്റർ/സഞ്ചിത ഗ്രേഡ് പോയിന്റുകളെ രണ്ട് ദശാംശ സംഖ്യയിലേക്ക് ചുരുക്കേണ്ടതും അത് പ്രകാരം ഗ്രേഡ് റിപ്പോർട്ടുകൾ നൽകേണ്ടതുമാണ്.

## 31. കോഴ്സ്, സെമസ്റ്റർ, പ്രോഗ്രാം എന്നിവയ്ക്കുള്ള ഏറ്റവും കുറഞ്ഞ ഗ്രേഡുകൾ:

| ലെറ്റർ ഗ്രേഡ് | ഗ്രേഡ് പോയിന്റ് | മാർക്ക് ശതമാനം | ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജ് (CGPA– Cumulative Grade Point Average) |
|---|---|---|---|
| O (ഔട്ട്സ്റ്റാന്റിംഗ്) | 10 | 95 ഉം അതിനു മുകളിലും | ≥ 9.5 |
| A+ (എക്സലന്റ്) | 9 | 85 ഉം അതിനുമുകളിലും 95 നു താഴെയും | ≥8.5 – <9.5 |
| A (വളരെ നല്ലത്) | 8 | 75 ഉം അതിനുമുകളിലും 85 നു താഴെയും | ≥ 7.5 – < 8.5 |
| B+ (നല്ലത്) | 7 | 65 ഉം അതിനുമുകളിലും 75 നു താഴെയും | ≥ 6.5 – < 7.5 |
| B (ശരാശരിക്കുമുകളിൽ) | 6 | 55 ഉം അതിനുമുകളിലും 65നു താഴെയും | ≥ 5.5 – < 6.5 |
| C (ശരാശരി) | 5 | 45 ഉം അതിനുമുകളിലും 55 നു താഴെയും | ≥ 4.5 – < 5.5 |
| D (മിനിമം) | 4 | 40 ഉം അതിനുമുകളിലും 45നു താഴെയും (ബാഹ്യപരീക്ഷയ്ക്ക് കുറഞ്ഞത് 40% മാർക്ക്;അഭ്യന്തരമൂല്യനിർണയത്തിൽ കുറഞ്ഞത് 40% മാർക്ക് ) | ≥ 4.0 – < 4.5 |
| F (ഫെയിൽ) | 0 | ബാഹ്യപരീക്ഷയിലും ആഭ്യന്തര മൂല്യനിർണയത്തിലും 40% നു താഴെ | < 4.0 |
| Ab(ആബ്സന്റ്) | 0 | | |
| W(വിത്ത്ഡ്രോൺ) | ഇല്ല | | |

പ്രോഗ്രാം വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ ക്യുമുലേറ്റീവ് ഗ്രേഡ് 'D' ഗ്രേഡ് ആയിരിക്കും. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കോഴ്സുകളിലും വിജയിക്കേണ്ടതുണ്ട്. ഓരോ കോഴ്സും വിജയകരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ ഗ്രേഡ് 'D' ഗ്രേഡ് ആയിരിക്കും.

## 32. മിനിമം ക്യുമുലേറ്റീവ് ഗ്രേഡും സ്കോളാസ്റ്റിക് പ്രൊബേഷനും:

ഏതെങ്കിലും സെമസ്റ്ററിൽ ഒരു വിദ്യാർത്ഥിയുടെ ക്യുമുലേറ്റീവ് ഗ്രേഡ് 'D' യിൽ താഴെയാണെങ്കിൽ, പ്രസ്തുത വിദ്യാർത്ഥി പാഠ്യപരമായ നിരീക്ഷണഘട്ടത്തിലായിരിക്കും (Scholastic Probation). അത് ഔപചാരികമായി വിദ്യാർത്ഥിയെ അറിയിക്കുകയും ചെയ്യും. സ്കോളാസ്റ്റിക് പ്രൊബേഷൻ സമയത്ത്, ഫാക്കൽറ്റി അഡ്വൈസർ / മെന്റർ വിദ്യാർത്ഥിയുടെ പുരോഗതി നിരീക്ഷിക്കുകയും പരിഹാര ബോധനത്തിലൂടെ കൗൺസിലിംഗും പിന്തുണയും നൽകുകയും ചെയ്യും. തുടർന്നുള്ള ഇമ്പ്രൂവ്മെന്റ് പരീക്ഷകളിൽ വിദ്യാർത്ഥി 'D' അല്ലെങ്കിൽ അതിനു മുകളിലുള്ള ക്യുമുലേറ്റീവ് ഗ്രേഡ് നേടേണ്ടതുണ്ട്.

## 33. നാലുവർഷബിരുദപ്രോഗ്രാമിന്റെ നടത്തിപ്പിനും നിരീക്ഷണത്തിനുമുള്ള സമിതികൾ

1. **സി.എസ്.എസ്. അക്കാദമിക സമിതി**

   നാലുവർഷബിരുദപ്രോഗ്രാമിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനുള്ള ചുമതല സി.എസ്.എസ്. (CSS) അക്കാദമിക സമിതിക്കായിരിക്കും. ഈ സമിതിയിൽ സി.യു.ജി.എസ്. (CUGS) ഡയറക്ടർ ഒരു ക്ഷണിതാവായിരിക്കും.

2. സി.യു.ജി.എസ്. (CUGS) **സമിതി**

   1. ഡയറക്ടർ, സി.യു.ജി.എസ്. (ചെയർമാൻ)
   2. എഫ്.വൈ.യു.ജി.പി. അക്കാദമിക കോ-ഓർഡിനേറ്റർ
   3. ബിരുദ പ്രോഗ്രാമുകളുടെ കോ ഓർഡിനേറ്റർമാർ
   4. മറ്റു അധ്യാപകരുടെ ഒരു പ്രതിനിധി
   5. പരീക്ഷ കൺട്രോളർ
   6. രജിസ്ട്രാർ (പ്രത്യേക ക്ഷണിതാവ്)
   7. ഐ.ക്യു.എ.സി. ഡയറക്ടർ (പ്രത്യേക ക്ഷണിതാവ്)
   8. നിർവാഹക സമിതി അംഗം (പ്രത്യേക ക്ഷണിതാവ്)
   9. സി.എസ്.എസ്. വൈസ് ചെയർമാൻ (പ്രത്യേക ക്ഷണിതാവ്)

   സി.യു.ജി.എസ്. സമിതിയുടെ യോഗങ്ങളുടെ മിനിമം കോറം അഞ്ച് ആയാണ് നിശ്ചയിച്ചിരിക്കുന്നത്.

   **സി.യു.ജി.എസ്.  സമിതിയുടെ പ്രവർത്തനങ്ങൾ**

   നാലുവർഷബിരുദപ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ സി.യു.ജി.എസ്. അക്കാദമിക സമിതിയാണ് നടപ്പിലാക്കേണ്ടത്. സി.യു.ജി.എസ്. സമിതിയുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

   എ) വിവിധകോഴ്സുകൾക്ക് ആവശ്യമായ സിലബസുകൾ  അതത് സ്കൂളുകളിൽ നിന്നും തയ്യാറാക്കി വാങ്ങുക.

   ബി) നൂതനഅധ്യാപനത്തിനും മൂല്യനിർണ്ണയസാങ്കേതിക വിദ്യകൾക്കുമുള്ള രീതിശാസ്ത്രങ്ങൾ നിർദ്ദേശിക്കുക.

   സി) നാലുവർഷബിരുദപ്രോഗ്രാമിലെ ഗവേഷണം, അധ്യാപനം, വിപുലീകരണം, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

   ഡി) നാലുവർഷബിരുദപ്രോഗ്രാമിലെ അക്കാദമിക കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.

3. **എഫ്.വൈ.യു.ജി.പി. മോണിറ്ററിംഗ് സമിതി**

   വൈസ് ചാൻസലർ – ചെയർമാൻ

   സി.യു.ജി.എസ്. ഡയറക്ടർ – കൺവീനർ

   അതത് കാലത്തെ  എൻ.ഇ.പി. സമിതി അംഗങ്ങളാകും ഈ സമിതിയിൽ വൈസ് ചാൻസലറെ  കൂടാതെ ഉണ്ടാവുക. പ്രോഗ്രാമുമായി ബന്ധപ്പെട്ട പരാതിപരിഹാരസമിതിയാണിത്. സി.യു.ജി.എസ്.  പ്രവർത്തനങ്ങളെയും, എഫ്.വൈ.യു.ജി.പി.  നടത്തിപ്പിനെയും ഏകോപിപ്പിക്കേണ്ടത് ഈ സമിതിയാണ്. സെമസ്റ്ററന്ത്യ പരീക്ഷകളുടെ മൂല്യനിർണ്ണയ പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പും ഫലപ്രസിദ്ധീകരണത്തിന് മുമ്പും സി.യു.ജി.എസ് സമിതിയുടെ അവലോകനയോഗം ചേരുന്നതാണ്.

## 34. നാലുവർഷബിരുദപ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി നിർദ്ദേശിക്കുന്ന ഓപ്ഷനുകൾ

ബിരുദാനന്തര/ഗവേഷണതലത്തിൽ താഴെ പറയുന്ന ഓപ്ഷനുകൾ ദേശീയ ഉന്നതവിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂടിൽ യു.ജി.സി. ഇതിനകം നൽകിയിട്ടുണ്ട്.

എ) 3 വർഷത്തെ ബാച്ചിലേഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ട് വർഷത്തെ മാസ്റ്റർ പ്രോഗ്രാം തുടരാം (രണ്ടാം വർഷം പൂർണ്ണമായും ഗവേഷണത്തിനായി നീക്കിവച്ചിരിക്കുന്ന ഓപ്ഷനോടെ)

ബി) 4 വർഷത്തെ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പി.ജി. കരിക്കുലം ഫ്രെയിം വർക്ക് ആവശ്യകത അനുസരിച്ച് ആവശ്യമായ ക്രെഡിറ്റുകൾ നേടി ഒരു വർഷത്തിനുള്ളിൽ അവരുടെ മാസ്റ്റേഴ്സ് പ്രോഗ്രാം പൂർത്തിയാക്കാൻ കഴിയും. ഇവർക്കായി ഗവേഷണത്തോടുകൂടിയ 4 വർഷത്തെ ഓണേഴ്സ് ബിരുദം അനുസരിച്ച് സർവകലാശാല പിജി പ്രോഗ്രാം പുനഃക്രമീകരിക്കും.

സി) ഒരു പിഎച്ച്. ഡി. പ്രോഗ്രാമിൽ ചേരുന്നതിന് വിദ്യാർത്ഥി മാസ്റ്റേഴ്സ് ബിരുദം നേടിയിരിക്കണം.

## 35. ട്രാൻസിറ്ററി പ്രൊവിഷൻ

ഈ ചട്ടങ്ങൾക്ക് 27.06.2024 തീയതി മുതൽ നാല് വർഷത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കും. എന്നാൽ വൈസ് ചാൻസലർക്ക് താഴെ പറയുന്ന രീതിയിൽ ഈ ചട്ടങ്ങളിൻമേൽ ഭേദഗതി വരുത്താൻ അധികാരമുണ്ടായിരിക്കുന്നതാണ്.

എ. ഇതേ ചട്ടങ്ങൾ ആവശ്യമായേക്കാവുന്ന പരിഷ്കാരങ്ങളോടെ മറ്റേതെങ്കിലും പ്രോഗ്രാമിന് ബാധകമാകുമെന്ന് ഉത്തരവിലൂടെ നൽകുക.

ബി. ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിലെ/വ്യാഖ്യാനത്തിലെ ബുദ്ധിമുട്ടുകൾ/പിഴവുകൾ ഇല്ലാതാക്കാൻ അനുയോജ്യമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുക.

## 36. ചട്ടങ്ങളിലെ മാറ്റങ്ങൾ

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ സംസ്ഥാന സർക്കാരോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനം ചെയ്യുന്നതോ ആയ ഭേദഗതികളും പരിഷ്കരണങ്ങളും ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതായി കണക്കാക്കുകയും അതിൻ പ്രകാരം ഭേദഗതികൾ രൂപീകരിക്കുകയും ചെയ്യുന്നതാണ്.

ഈ ചട്ടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും ഭേദഗതികൾ വരുത്തുന്നതിനുമുള്ള അധികാരം പണ്ഡിതസഭയിൽ നിക്ഷിപ്തമായിരിക്കും.